# പ്രബോധനത്തിന്റെ കഥ

അബൂയാസിർ

***പ്രബോധന*ത്തിന്റെ പോയകാല കഥകൾ വായനക്കാരുമായി പങ്കിടുവാനുള്ള ഒരു ശ്രമമാണിത്. 1977-നു മുമ്പുണ്ടായിരുന്ന രേഖകളധികവും '75 ലെ അടിയന്തരാവസ്ഥയിൽ ഓഫീസ് പോലീസിന്റെ കസ്റ്റഡിയിലായതിനെത്തുടർന്ന് നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ അടിയന്തരാവസ്ഥക്കു മുമ്പുള്ള പഴയകാല പ്രവർത്തകരുടെ ഓർമകളെ ആധാരമാക്കി ക്രോഡീകരിച്ചിട്ടുള്ളതാണ്. കിട്ടിയേടത്തോളം വിവരങ്ങളെങ്കിലും ഇനിയും നഷ്ടപ്പെടാതിരിക്കട്ടെ എന്നാശിച്ചുകൊണ്ട്, ലേഖന ദൈർഘ്യം കുറയൊക്കെ അവഗണിച്ചുകൊണ്ട്തന്നെ ഇവിടെ സംഗ്രഹിച്ചിരിക്കയാണ്. പിശകുകളുണ്ടാകാനുള്ള സാധ്യത നിഷേധിക്കുന്നില്ല. പ്രബോധനത്തിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട എല്ലാവരുടെയും പേരുകൾ രേഖപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. വല്ലവരും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് മനഃപൂർവമല്ല.**

1940 കളുടെ രണ്ടാം പകുതി. മലയാള മണ്ണിലങ്ങിങ്ങായി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കൂമ്പുകൾ കിളിർത്തു വരുന്നു. ഈ പുതുനാമ്പുകൾ വിവിധ കോണുകളിൽ നിന്നായി ആശങ്കയോടെ, ഭയത്തോടെ, ശുഭപ്രതീക്ഷയോടെ വീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ദീനുൽ ഇസ്‌ലാമിന്ന് പരമ്പരാഗതമായി കേട്ടു വന്നതിൽനിന്ന് വ്യത്യസ്തമായ ഒരു വിശദീകരണം. സർവ്വതല സ്പർശിയായ ഒരു തൗഹീദ്, ദീനും ദുൻയാവും പരസ്പര പൂരകമായി വർത്തിക്കുന്ന ഒരു ജീവിത വീക്ഷണം. ജീർണ്ണ യാഥാസ്തികത്വത്തിന്റെ കാവൽക്കാരിൽ അത് ശത്രുതയേറ്റുന്നു. ചിന്താശീലരിൽ ജിജ്ഞാസയുളവാക്കുന്നു. സാമുദായിക രാഷ്ട്രീയക്കാർ ഒരു ഭാവി വെല്ലുവിളിയുടെ വിദൂരാരവം കേൾക്കുന്നു. യാഥാസ്തികത്വത്തെ ശുദ്ധീകരിക്കാൻ പുറപ്പെട്ടവരിലും ആ ശുദ്ധീകരണത്തിനപ്പുറമുള്ള വിശാല ചക്രവാളങ്ങളുടെ പ്രകാശനം അലോസരം സൃഷ്ടിക്കുന്നു. എന്നാൽ സമ്പൂർണമായ ഒരാദർശസംസ്കരണവും നവോത്ഥാനവും കൊതിച്ചവരിൽ അത് ശുഭപ്രതീക്ഷയാണുളവാക്കിയത്. ഒരു വശത്ത് പിന്തുയും പ്രോത്സാഹനവും മറുവശത്ത് അതിലുമെത്രയോ ശക്തമായ ശത്രുതയും വിമർശനവും ആക്ഷേപവും. ഈ ചുറ്റുപാടിൽ, പ്രസ്ഥാനത്തിനും അതിന്റെ ആശയങ്ങൾക്കുമെതിരെയുള്ള വിജാതീയ സമീപനങ്ങളെ യുക്തമായി നേരിടേണ്ടതും അന്വേഷകർക്ക് മറുപടിയും സംശയാലുക്കൾക്ക് വിശദീകരണവും നൽകേണ്ടതും മുമ്പോട്ടുള്ള ഗതിക്ക് വളരെ അനിവാര്യമായിരുന്നു.

പക്ഷേ, മൗദൂദി സാഹിബിന്റെ ഏതാനും കൃതികളുടെ വിവർത്തനവും പിന്നെ ഹാജിസാഹിബിന്റെയും വിരലിലെണ്ണാവുന്ന സഹപ്രവർത്തകരുടെയും പ്രസംഗപരിപാടികളും മാത്രമായിരുന്നു അന്ന് ഈ ആവശ്യങ്ങളെയെല്ലാം നേരിടാൻ ആകെക്കൂടെയുണ്ടായിരുന്ന കോപ്പുകൾ. മലയാള നാട്ടിലങ്ങിങ്ങായി വളർന്നു വരുന്ന ജമാഅത്തു ഘടകങ്ങളെ തമ്മിലും പ്രസ്ഥാനപ്രവർത്തകരെയും നേതൃത്വത്തെയും തമ്മിലും കൂട്ടിയിണക്കുന്ന ഒരു ശൃംഖല. മലയാളികളിൽ ആധുനിക രീതിയിൽ ഇസ്‌ലാമിനനുകൂലമായ ബഹുജനാഭിപ്രായം രൂപീകരിക്കാൻ സഹായിക്കുന്ന ഒരു മാധ്യമം. ജമാഅത്തു നേതൃത്വം കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളും ആനുകാലിക സംഭവവികാസങ്ങളുടെ നേരെ സ്വീകരിക്കുന്ന നയനിലപാടുളും യഥാസമയം അണികൾക്ക് വിശദീകരിച്ചു കൊടുക്കുന്ന ഒരു ജിഹ്വ. ഇതിന്റെ ആവശ്യകത '44 മുതലേ ഹാജിസാഹിബിന്നും കൂട്ടുകാർക്കും നന്നായനുഭവപ്പെട്ടിരുന്നു. കൂടാതെ 1946-ൽ അലഹാബാദിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമിയുടെ രണ്ടാം അഖിലേന്ത്യാ സമ്മേളനം കേരളത്തിൽ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കാനുള്ള ചുമതല ഹാജിസാഹിബിനെ പ്രത്യേകം ഏൽപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ, സാമ്പത്തികവും സാങ്കേതികവുമായ അപര്യാപ്തതകൾ ഒരു പത്രം ആരംഭിക്കുന്നതിനു മുമ്പിൽ വിലങ്ങുതടിയായി നിലകൊണ്ടു.

അങ്ങനെയിരിക്കെയാണ് 1949 ന്റെ മധ്യത്തിൽ ജമാഅത്തു പ്രവർത്തകർ വിപുലമായ ഒരു സമ്മേളനം ചേരാൻ നിശ്ചയിച്ചത്. കോഴിക്കോടു ജില്ലയിൽ നാദാപുരത്തിനടുത്ത വാണിമേൽ എന്ന പ്രശാന്തമായ ഗ്രാമമാണ് അതിനുവേണ്ടി തിരഞ്ഞെടുത്തത്. വിപുലമായ സമ്മേളനം എന്നു കേൾക്കുമ്പോൾ പിൽക്കാലത്ത് നടന്ന സംസ്ഥാന-മേഖലാ സമ്മേളനങ്ങളോടൊന്നും അതിനെ താരതമ്യം ചെയ്യേണ്ട. കേവലം 63 പേർക്ക് ക്ഷണക്കത്തുകളയച്ചത് മാത്രമായിരുന്നു അതിന്റെ പ്രചരണം. ഒരു വെള്ളിയാഴ്ച ദിവസം, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 60 ഓളം പേർ നാദാപുരത്തെത്തിച്ചേർന്നു. നാദാപുരം പള്ളിയിൽ ജുമുഅക്കു കൂടിയ അവർക്കു വാണിമേലേക്കു പോകാൻ കഴിഞ്ഞില്ല. അപ്പോഴേക്കും യാഥാസ്ഥിക വിഭാഗത്തിന്റെ കുത്തിത്തിരുപ്പുകൾക്ക് വിധേയരായ പോലീസുകാർ ഇടപെട്ട് യോഗം വിലക്കി. വൈകുന്നേരമായപ്പോഴേക്കും ജമാഅത്തുകാർക്ക് തിരിച്ചുപോരുകയേ നിർവാഹമുള്ളൂ എന്നു വന്നു. അപകർഷതാബോധം അവരെ വേട്ടയാടുന്നുണ്ടായിരുന്നു. തങ്ങൾ

തിരഞ്ഞെടുത്ത സരണിയിൽ ഭാരിച്ച പ്രതിബന്ധങ്ങൾ നേരത്തെ പ്രതീക്ഷിച്ചതായിരുന്നതുകൊണ്ട് അതൊന്നും അവരെ തളർത്തിയില്ല. ബസ്സില്ലാത്തതിനാൽ നദാപുരത്ത് നിന്ന് ഇരുപതോളം നാഴിക നടന്നാണ് അവർ വടകരയിലെത്തിയത്. ഏതു ഹിമാലയൻ പ്രതിബന്ധങ്ങളെയും എത്ര വലിയ പ്രകോപനങ്ങളെയും ക്ഷമയെന്ന വജ്രായുധമുപയോഗിച്ച് തരണംചെയ്തു മുന്നേറാനുള്ള ദൃഢനിശ്ചയം വടകരയിലെത്തിയപ്പോഴേക്കും അവരിൽ പൂർവോപരി വളർന്നുകഴിഞ്ഞിരുന്നു. തീവണ്ടി മാർഗം കോഴിക്കോട്ടേക്കു പോന്ന ആ സംഘം പിറ്റേന്ന്, ഫ്രാൻസിസ് റോഡിലുള്ള ജമാഅത്ത് ഓഫീസിൽ യോഗം ചേർന്നു. യോഗത്തെ അഭിസംബോധന ചെയ്ത മർഹൂം വി.പി. മുഹമ്മദലി സാഹിബ് പ്രസ്ഥാനത്തിന്റെ അന്നത്തെ സ്ഥിതിഗതികളും പ്രവർത്തകരുടെ ചുമതലകളും വിശദീകരിച്ചുകൊണ്ടു പറഞ്ഞു:

“ഒരു പത്രം, പ്രസ്സ്, പ്രസിദ്ധീകരണാലയം, കേന്ദ്രഓഫീസ് എന്നിവയാണിന്നത്തെ നമ്മുടെ പ്രാഥമികാവശ്യങ്ങൾ. ഇവ ഓരോന്നോരോന്നായി നമുക്ക് നേടിയെടുക്കണം. സാമ്പത്തികവും വൈജ്ഞാനികവും കലാപരവും മറ്റുമായ വലിയ വലിയ കഴിവുകൾ അത്യാവശ്യമുള്ള വമ്പിച്ച ഒരു പ്രസ്ഥാനത്തിന്റെ പ്രവർത്തനച്ചുമതലയാണ് നമ്മിൽ അർപ്പിതമായിട്ടുള്ളത്. നാം കഴിവില്ലാത്തവരാണെങ്കിലും അല്ലാഹു കഴിവുറ്റവനാണ്. അവൻ നമ്മെ സഹായിക്കും. അല്ലാഹുവിനെ മുൻനിറുത്തി നാം പ്രതിജ്ഞയെടുക്കുക...”

സൈ്വരമായി ഒരിടത്ത് കൂടിയിരുന്നത് ആശയവിനിമയം നടത്താനുള്ള സ്വാതന്ത്ര്യം പോലും അന്യായമായി നിഷേധിക്കപ്പെട്ട് വിഷണ്ണരായി തിരിച്ചുപോന്ന ആ ചെറു സംഘം നഗരത്തിലെ ആ കൊച്ചുമുറിയിൽ തിങ്ങിയിരുന്ന് ആ പ്രതിജ്ഞ ഏറ്റുപറഞ്ഞു. അവരുടെ മുന്നിൽ പണത്തിന്റെ ഉറവകളുണ്ടായിരുന്നില്ല. സാങ്കേതികസൗകര്യങ്ങളും അവർക്കന്യമായിരുന്നു. തെളിഞ്ഞ പ്രതിഭകളുമുണ്ടായിരുന്നില്ല. അല്ലാഹുവിന്റെ അപാരമായ കഴിവിലും അനുഗ്രഹത്തിലുമുള്ള അചഞ്ചലമായ വിശ്വാസം, അതൊന്നു മാത്രമായിരുന്നു അവരുടെ കൈമുതൽ. ആ മൂലധനം അവരുടെ കയ്യിൽ വേണ്ടത്ര ഉണ്ടായിരുന്നു താനും. അതിനെമാത്രം ആധാരമാക്കിക്കൊണ്ട് കാലഘട്ടത്തിന്റെ അനുപേക്ഷണീയമായ ആവശ്യങ്ങൾ തങ്ങൾ നിവർത്തിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹുവിന്റെ പേരിൽ അവർ പ്രതിജ്ഞയെടുത്തു. ഇസ്‌ലാമിക പ്രസ്ഥാനത്തിന് സ്വന്തമായ ഒരു പത്രം എന്ന ചിരകാല സ്വപ്നത്തിന്റെ യാഥാർഥ്യത്തിലേക്കുള്ള പേറ്റുനോവിന്റെ തുടക്കവും കൂടിയായിരുന്നു ആ പ്രതിജ്ഞ.

**പ്രബോധനം പിറക്കുന്നു**

പിന്നെ കാര്യങ്ങൾ തകൃതിയായി മുന്നോട്ടു നീങ്ങി. പത്രത്തിനൊരു പേര്. ജമാഅത്തുകാർക്ക് നിർണായക സ്വാധീനമുണ്ടായിരുന്ന കാസർകോഡ് മദ്രസാ ആലിയായിലെ വിദ്യാർഥികൾ അക്കാലത്ത് ‘പ്രബോധകൻ’ എന്ന പേരിൽ ഒരു കയ്യെഴുത്ത് മാസിക നടത്തിയിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജിഹ്വക്ക് എന്തുകൊണ്ടും ഉചിതമായ പേര് അതുതന്നെ എന്ന് തീരുമാനിക്കപ്പെട്ടു. അൽപം പാഠഭേദം ചെയ്ത് അത് ‘പ്രബോധനം’ എന്നാക്കുകയും ചെയ്തു. ആ പേരിൽ ഡിക്ലറേഷൻ സമർപ്പിക്കപ്പെട്ടു. അച്ചടിക്ക് തിരൂരിലെ ജമാലിയാ പ്രിന്റിംഗ് പ്രസ്സ് തിരഞ്ഞെടുത്തു. പത്രാധിപരും പ്രിന്ററും പബ്ലിഷറും ഹാജി സാഹിബ് തന്നെയായിരുന്നു.

ഇനി ഉള്ളടക്കം. എങ്ങനെയാണ് ഒരു പത്രത്തിന്റെ ഉള്ളടക്കം തയാറാക്കേണ്ടത്? പരിചയമുള്ളവരാരുമുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ ഹാജി സാഹിബിനെ സഹായിക്കാൻ കെ.സി. അബ്ദുല്ല മൗലവിയും എടയൂരിലെത്തി. പത്രപ്രവർത്തനം അദ്ദേഹത്തിനും അപരിചിതമായിരുന്നു. പത്രത്തിന്റെ മാറ്റർ തയാറാക്കാൻ ഹാജി സാഹിബും കെ.സി. അബ്ദുല്ല മൗലവിയും ഹാജിസാഹിബിന്റെ വീട്ടിനടുത്തുള്ള, അന്ന് പുല്ലംപറമ്പിൽ നമസ്കാരപ്പള്ളി എന്ന പേരിൽ അറിയപ്പെട്ടിരുന്ന (ഇന്നത്തെ മസ്ജിദുൽ ഇലാഹി) കൊച്ചു പള്ളിയുടെ മുകൾത്തട്ടിൽ ഒത്തുകൂടി. പത്രത്തിന്റെ ആദ്യമാറ്റർ എങ്ങനെ തുടങ്ങണം? ഇരുവരും മുഖത്തോടുമുഖം നോക്കി കുറെ നേരം ഇരുന്നു. ഒടുവിൽ അവർ എഴുതി:

“പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ”

ഹംദും സ്വലാത്തും മലയാളത്തിൽ സുദീർഘമായി അവതരിപ്പിച്ചശേഷം കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനം ഹ്രസ്വമായി വിവരിച്ചു. അനന്തരം എഴുതി: “...ഇക്കാലത്ത് ഏതൊരു പ്രസ്ഥാനത്തിന്റെയും ജിഹ്വാ പത്രമായതുകൊണ്ട് അതിനെ അവഗണിക്കാൻ സാധ്യമായിരുന്നില്ല. പത്രത്തെ സംബന്ധിച്ച ചിന്ത ചിരകാലമായി ഞങ്ങൾക്കു തന്നെയുമുണ്ടായിരുന്നുവെങ്കിലും പ്രതികൂല പരിതസ്ഥിതിയും ഉത്തരവാദിത്വം വേണ്ടപോലെ ഏറ്റെടുക്കാനുള്ള കഴിവില്ലായ്മയും പത്രലോകവുമായുള്ള പരിചയക്കുറവുമാണ് ഇതുവരെ പ്രതിബന്ധമായി ഇരുന്നത്. എന്നാൽ ഇത്തരം തടസ്സങ്ങൾ ഒഴികഴിവാക്കിക്കൊണ്ട് ഇനിയും അടങ്ങിയിരിക്കുന്നത് ആപൽക്കരമാണെന്ന് അടുത്തകാലത്തെ സംഭവവികാസങ്ങൾ ഞങ്ങളെ നല്ലപോലെ പഠിപ്പിച്ചു. അതുകൊണ്ടാണ് കേവലം അജ്ഞരും അശക്തരുമായ ഞങ്ങൾ സർവശക്തനും സർവജ്ഞനുമായ അല്ലാഹുവിൽ മാത്രം ഭരമേൽപിച്ചുകൊണ്ട് പത്രലോകത്തേക്ക് കാലെടുത്തു വയ്ക്കാൻ ധൈര്യപ്പെടുന്നത്.

“നിലവിലിരിക്കുന്ന ഏതെങ്കിലുമൊരു കക്ഷിയെ എതിർക്കുകയെന്നത് ഞങ്ങളുടെ ഉദ്ദേശ്യമല്ല. മനുഷ്യരിൽ ഞങ്ങൾക്കു ശത്രുക്കളായി ആരുംതന്നെ ഇല്ല. എല്ലാ സമുദായക്കാരെയും വർഗക്കാരെയും സഹോദരങ്ങളായിട്ടാണ് ഞങ്ങൾ വീക്ഷിക്കുന്നത്. സത്യം അതെവിടെയാണെങ്കിലും ഏതു സമുദായത്തിന്റെയോ ഏതു വർഗത്തിന്റെയോ കൈവശമാണെങ്കിലും ഞങ്ങളുടെ മിത്രമാണ്. അസത്യം, അതു ഞങ്ങളിൽ തന്നെയാണെങ്കിലും ഞങ്ങളുടെ ശത്രുവാണ്. ചുരുക്കത്തിൽ ഞങ്ങൾക്ക് വ്യക്തികളോടോ ഗോത്രങ്ങളോടോ സമുദായങ്ങളോടോ ദേശക്കാരോടോ അല്ല, അവരിൽ വല്ല അക്രമവും അനീതിയും കാണപ്പെടുന്നുവെങ്കിൽ അതിനോടാണ് ശത്രുതയും അവജ്ഞയുമുള്ളത്. അത്തരം പൈശാചിക വൃത്തികളിൽനിന്ന് ജനങ്ങളെ വിമോചിപ്പിക്കാനും മനുഷ്യത്വവും ധാർമികബോധവും അവരിൽ വളർത്തി അവരെ പരസ്പരം മിത്രങ്ങളാക്കിത്തീർക്കുവാനും ഞങ്ങൾ കഴിയുന്നത്ര ശ്രമിക്കുന്നതാണ്.”

“...ഈ ചിന്തയും കർത്തവ്യബോധവുമാണ് ഭാഷാപരമായ പ്രാഥമിക ജ്ഞാനം പോലുമില്ലാത്ത ഞങ്ങളെ രംഗപ്രവേശത്തിനു നിർബന്ധിതരാക്കിയത്. ഇസ്‌ലാമിന്റെ വിവിധ വശങ്ങളെ വിശദീകരിച്ചുകൊണ്ടും അനിസ്‌ലാമിക പദ്ധതികളെ നിരൂപണം ചെയ്തുകൊണ്ടും പ്രമുഖ പണ്ഡിതന്മാർ എഴുതിയ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്. സ്വന്തം ലേഖനങ്ങളെഴുതി പ്രസിദ്ധീകരിക്കുന്നതു ലക്ഷ്യമായി സ്വീകരിക്കുന്നതിനുപകരം ജനങ്ങളിൽ ദൈവബോധവും മതഭക്തിയും സദാചാരനിഷ്ഠയുമുണ്ടാക്കി അവരെ സൽപാന്ഥാവിലൂടെ ചരിക്കുവാൻ സഹായിക്കുന്ന, മഹാന്മാരെഴുതിയ അമൂല്യലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായിരിക്കും ഞങ്ങൾ മുൻഗണന നൽകുക. പ്രബോധനത്തെ ഭാഷാപരമായിട്ടല്ല ആശയപരമായിട്ടാണ് മാന്യ വായനക്കാർ വീക്ഷിക്കേണ്ടത്.

“...തെറ്റോ ശരിയോ എന്നൊന്നും നോക്കാതെ വായനക്കാരുടെ അഭീഷ്ടത്തിനും അഭിരുചിക്കുമൊത്ത സാമഗ്രികൾ ശേഖരിച്ചുകൊടുക്കുകയെന്ന പിഴച്ച പത്രപ്രവർത്തന സമ്പ്രദായത്തിനു പകരം ജനങ്ങളുടെ വീക്ഷണഗതിയെയും അഭിരുചിയെയും സത്യത്തിനൊത്തു മാറ്റാൻ ശ്രമിക്കുകയെന്നതാണ് ഞങ്ങളുടെ നയം...”

“...അല്ലാഹുവേ! ഞങ്ങളുടെ ഹൃദയങ്ങളെസൽപാന്ഥാവിൽനിന്നു വ്യതിചലിപ്പിക്കരുതേ! ഞങ്ങളുടെ പേന നിന്റെ അടിമകളിൽ ആരുടെയും ദുർമാർഗത്തിനു കാരണമാകാതിരിക്കാനും അവരുടെ സന്മാർഗലബ്ദിക്കും സമാധാന ജീവിതത്തിനും മാത്രം സഹായകമായിരിക്കാനും നീ ഞങ്ങളെ അനുഗ്രഹിച്ചാലും! ഞങ്ങളുടെ അശക്തിയും അജ്ഞതയും നിനക്കു നല്ലപോലെ അറിയാം. അതുകൊണ്ട് നിന്റെ

ദീനിനുവേണ്ടിയുള്ള പരിശ്രമത്തിലെ ഓരോ കാലടിയിലും നീ ഞങ്ങളെ സഹായിക്കേണമേ! ആമീൻ!!

പ്രബോധനത്തിന്റെ ഒന്നാം ലക്കം ഒന്നാംപേജിൽ 'പ്രസ്താവന' എന്ന ശീർഷകത്തിൽ അച്ചടിച്ചുവന്ന ഈ പ്രഥമ മുഖപ്രസംഗം പത്രത്തിന്റെ ആവശ്യകതയും അതവലംബിക്കുന്ന നയസമീപനങ്ങളും പ്രവർത്തകരുടെ ഉദ്ദേശ്യശുദ്ധിയും ആർജവവും അവരഭിമുഖീകരിക്കുന്ന ദയനീയമായ സാഹചര്യവും അതോടൊപ്പം അവർ പുലർത്തിയ ഉജ്ജ്വലമായ കർമധീരതയും എല്ലാം സ്വയം വിളിച്ചോതുന്നുണ്ട്.

1949 ആഗസ്റ്റ് ഒന്നാം തിയതി പ്രബോധനം പ്രതിപക്ഷപത്രത്തിന്റെ പ്രഥമലക്കം പുറത്തിറങ്ങി. കേരളത്തിലെ ഇസ്‌ലാമിക പ്രവർത്തകർക്ക് അതൊരു സുദിനമായിരുന്നു. കഴിവിനതീതമെന്നു കരുതപ്പെട്ട ഒരു മഹാനേട്ടം കയ്യിലണഞ്ഞ ദിനം. പ്രഥമ ലക്കം 1500 കോപ്പികൾ അച്ചടിച്ചു. കേരളത്തിൽ അന്നുണ്ടായിരുന്ന, വർഷങ്ങളായി പ്രസിദ്ധീകരിച്ചുവരുന്ന ദീനിപത്രങ്ങളുടെയെല്ലാം പ്രചാരം 1000ൽ താഴെയായിരുന്നു വെന്നോർക്കുമ്പോൾ പ്രബോധനത്തിന്റെ തിരുപ്പുറപ്പാട് രാജകീയമായിരുന്നുവെന്നു തന്നെ പറയണം. അവഗണനകൊണ്ടും ജമാഅത്തെ ഇസ്‌ലാമിയുടെ കഥകഴിക്കാമെന്ന് കരുതിയ പല സംഘങ്ങളെയും ഉന്നതന്മാരെയും പ്രബോധനത്തിന്റെ ഗംഭീരമായ ഈ തുടക്കം അമ്പരിപ്പിക്കുക തന്നെ ചെയ്തു. അക്കാലത്ത് മിക്ക ദീനി പ്രസിദ്ധീകരണങ്ങളും അറബിമലയാളത്തിലായിരുന്നു അച്ചടിച്ചിരുന്നത്. മലയാള ലിപിയിൽ പ്രസിദ്ധീകരിച്ച പത്രങ്ങൾക്ക് ഏറെ പിടിച്ചു നിൽക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് മലയാള ലിപിയിലച്ചടിക്കപ്പെടുന്ന പ്രബോധനത്തിനും ആയുസ്സധികമുണ്ടാവില്ലെന്നാശിച്ചവരുമുണ്ടായിരുന്നു.

**എഡിറ്റിംഗ് മുതൽ പോസ്റ്റിംഗ് വരെ**

ആദ്യകാലത്ത് പ്രബോധനത്തിന്റെ എല്ലാ ജോലികളും നിർവഹിച്ചിരുന്നത് മർഹൂം ഹാജിസാഹിബും കെ.സി. അബ്ദുല്ല മൗലവിയും തന്നെയായിരുന്നു. വിവിധ സ്ഥലങ്ങളിലേക്കയക്കേണ്ട പ്രബോധനത്തിന്റെ കെട്ടുകളുമേന്തി കുടയും ചൂടി വളാഞ്ചേരിയിൽ നിന്ന് കുറ്റിപ്പുറത്തേക്ക് പോകുന്ന കെ.സി.യുടെയും ഹാജിസാഹിബിന്റെയും ചിത്രം മനസ്സിൽ നിന്നു മാഞ്ഞുപോയിട്ടില്ലാത്ത പ്രവർത്തകർ ആ പ്രദേശത്ത് ഇന്നും ജീവിച്ചിരിപ്പുണ്ട്. തിരൂരിൽനിന്ന് പത്രം അച്ചടിച്ചെത്തുന്ന ദിവസം രാത്രി തദ്ദേശത്തെ പ്രസ്ഥാന പ്രവർത്തകർ ജമാഅത്ത് ഓഫീസിൽ ഒത്തുകൂടുന്നു. ഒരാൾ വരിക്കാരുടെ പട്ടിക വായിച്ചുകൊടുക്കുന്നു. കെ.സി. അബ്ദുല്ല മൗലവി റാപ്പറുകളിൽ മേൽവിലാസമെഴുതുന്നു. മറ്റു ചിലർ പത്രം മടക്കുന്നു. ചിലർ റാപ്പറുകൾ പശതേച്ചൊട്ടിക്കുന്നു. ഇനിയും ചിലർ പാക്കുചെയ്തു കെട്ടുകളാക്കുന്നു. പലപ്പോഴും ഈ സന്നദ്ധ സേവനം നേരം പുലരുന്നത് വരെ നീണ്ടുപോകുന്നു. സുബ്ഹ് നമസ്കാരാനന്തരമായിരിക്കും പ്രവർത്തകർ പിരിഞ്ഞുപോവുക.

**പ്രചാരണയജ്ഞം**

പ്രബോധനത്തിന്റെ പ്രചാരണം ജമാഅത്ത് പ്രവർത്തകർ ആരംഭം മുതലേ തങ്ങളുടെ നിർബന്ധ ബാധ്യതയായി ഏറ്റെടുത്തിരുന്നു. അന്ന് യുവാക്കളായിരുന്ന, ഇന്നത്തെ വയോധികരായ ചില നേതാക്കൾ പോലും തീവണ്ടിയിലും ബസ്സ്റ്റാന്റുകളിലും പ്രബോധനം വിതരണം ചെയ്തിരുന്നു. ചില പ്രവർത്തകർക്ക് പോസ്റ്റിൽ പ്രബോധനം എത്തിച്ചേരുന്നതുവരെ കാത്തിരിക്കാനുള്ള ക്ഷമയുണ്ടായിരുന്നില്ല. പത്രം അച്ചടി കഴിയുന്ന അന്നുതന്നെ അവർ എടയൂരിലെത്തി തങ്ങളുടെ കോപ്പി കൊണ്ടുപോകും. ഇങ്ങനെ, കുറ്റ്യാടിയിൽ നിന്നു എടയൂരിൽ വന്ന് കൊണ്ടുപോയിരുന്ന ഒരാളാണ് ടി.കെ. അബ്ദുല്ല മൗലവിയുടെ ജ്യേഷ്ഠസഹോദരനായ ടി.കെ. കുഞ്ഞഹമ്മദ് സാഹിബ്. അദ്ദേഹം പലപ്പോഴും വളപട്ടണം വരെ അതുവിതരണം ചെയ്യുകയും ചെയ്തിരുന്നു. എടയൂർ മുതൽ കാസർഗോഡു വരെ സൈക്കിളിൽ സഞ്ചരിച്ച് പ്രബോധനം പ്രചരിപ്പിച്ചിരുന്ന, ഇടപ്പാൾ സ്വദേശി താജുദ്ദീൻ സാഹിബിന്റെ പേരും ഇക്കൂട്ടത്തിൽ മറക്കാനാവാത്തതാണ്. നിരന്തരം സൈക്കിളിൽ പ്രബോധനം പ്രചരിപ്പിച്ചിരുന്ന മറ്റൊരു പ്രവർത്തകനായിരുന്നു പുലാമന്തോളിലെ കുഞ്ഞിരായിൻ കാക്ക.

**ആദ്യകാല സ്റ്റാഫ്**

ആദ്യകാലങ്ങളിൽ പ്രബോധനത്തിന്ന് പ്രത്യേകം സ്റ്റാഫൊന്നുമുണ്ടായിരുന്നില്ല. ജമാഅത്ത് പ്രവർത്തനവുമായി ബന്ധപ്പെട്ട് എടയൂർ ആഫീസിലുണ്ടായിരുന്ന എല്ലാവരും പ്രബോധനത്തിന്റെയും സ്റ്റാഫായിരുന്നു. പ്രബോധനം തുടങ്ങുന്നതിനുമുമ്പ് തന്നെ സംഘടനാപരമായ ക്ലറിക്കൽ വർക്കുകളിൽ ഹാജിസാഹിബിനെ സഹായിക്കാൻ എടയൂരിലെത്തിയിരുന്ന കോഴിക്കോട്ടുകാരൻ സി.പി.എം. അബ്ദുൽ ഖാദിർ സാഹിബ് പ്രബോധനത്തിന്റെ പ്രവർത്തനത്തിലും ഹാജി സാഹിബിനെയും കെ.സി. അബ്ദുല്ല മൗലവിയെയും സഹായിച്ചിരുന്നു. കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ കെ.സി.ക്ക് എടയൂർ വിടേണ്ടി വന്നു. രോഗബാധിതനായ സി.പി.എമ്മും കോഴിക്കോട്ടേക്കു തിരിച്ചുപോന്നു. ഈ ഘട്ടത്തിൽ (1950) ടി.കെ. അബ്ദുല്ല സാഹിബ് എടയൂരിലെത്തി. കാസർകോട് ആലിയാ അറബി കോളേജിൽ പഠിക്കുകയായിരുന്ന ടി.കെ.യെ ഹാജി സാഹിബ് എടയൂരിലേക്ക് വിളിക്കുകയായിരുന്നു.

പത്രാധിപരായ ഹാജിസാഹിബ് സംഘടനാപ്രവർത്തനവുമായി നിരന്തരം പര്യടനത്തിലായിരിക്കും. വല്ലപ്പോഴും എടയൂരിൽ വരുമ്പോൾ പ്രബോധനം പ്രവർത്തകരെ വിളിച്ച് അടുത്ത ലക്കത്തിലേക്കുള്ള മാറ്ററുകൾ പറഞ്ഞുകൊടുക്കുന്നു. മൂലലേഖനങ്ങൾ മുന്നിൽവെച്ച് തർജുമ പറയുന്നു. പിന്നെ അദ്ദേഹം വീണ്ടും പര്യടനത്തിനിറങ്ങും. ഹാജി സാഹിബ് പ്രസംഗരൂപത്തിൽ പറഞ്ഞ കാര്യങ്ങൾ കുറിച്ചെടുത്തു ലേഖന രൂപത്തിലാക്കുക, സ്വന്തമായ തർജ്ജുമകളോ ലേഖനങ്ങളോ തയാറാക്കുക, അച്ചടി സംബന്ധമായ കാര്യങ്ങൾ നോക്കുക ഇതൊക്കെയായിരുന്നു ആദ്യകാലത്തെ പ്രബോധനം പ്രവർത്തകരായ കെ.സി., ടി.കെ., ടി.എം., സി.പി.എം. തുടങ്ങിയവരുടെ മുഖ്യജോലികൾ.

സി.പി.എമ്മിനു ശേഷം വന്ന ടി.കെ.ക്ക് വരിക്കാരുടെയും ഏജന്റുമാരുടെയും എക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ വിഷമം നേരിട്ടപ്പോഴാണ് (1951) ജ: കെ.എം. അബ്ദുൽ അഹദ് തങ്ങൾ എടയൂരിലെത്തിയത്. അദ്ദേഹം അന്ന് മദീനത്തുൽ ഉലൂം അറബികോളേജിൽ വിദ്യാർഥിയായിരുന്നു. അക്കാലത്ത് കൊണ്ടോട്ടിയിൽ ജമാഅത്തു പ്രവർത്തകരുടെ ഒരു യോഗം ചേരുകയുണ്ടായി. ജ: തങ്ങളും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. യോഗത്തിൽ വെച്ച് മർഹൂം ഹാജി സാഹിബ് ജമാഅത്ത് ഓഫീസിലേക്ക് ഒരു ക്ലർക്കിനെ ആവശ്യമുണ്ടെന്ന് പറഞ്ഞു. താൻ അതിന് സന്നദ്ധനാണെന്ന് ജ: തങ്ങൾ അറിയിച്ചു. അങ്ങനെയാണ് അദ്ദേഹം എടയൂരിലെത്തിയത്. കുറച്ചു മാസങ്ങൾക്കു ശേഷം ജ: ടി.കെ.ക്ക് നാട്ടിലേക്കു മടങ്ങേണ്ടിവന്നു. എങ്കിലും അദ്ദേഹം ഇടക്കിടെ എടയൂരിൽ വരികയും പ്രബോധനത്തിന്റെ പ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു.

**വേതനം**

ആദ്യകാലത്ത് കൃത്യമായ വേതനം നിശ്ചയിച്ചുകൊണ്ടല്ല സ്റ്റാഫിനെ നിശ്ചയിച്ചിരുന്നത്. ഓരോ ആവശ്യങ്ങൾ നേരിടുമ്പോൾ അതിനുപറ്റിയവരെന്നു കണ്ടവരെ വിളിച്ചു ചുമതല ഏൽപിക്കും. അങ്ങനെ വരുന്നവരാരും വേതനം ഉദ്ദേശിച്ചോ തൊഴിൽ തേടിയോ വരുന്നവരായിരിക്കുകയില്ല. സേവന സന്നദ്ധതയായിരുന്നു അവരുടെ പ്രചോദനം. വേതനവും സൗകര്യങ്ങളും അതിൽ തികച്ചും അപ്രസക്തമായിരുന്നു. കാര്യമായ വേതനം നൽകാനുള്ള സാമ്പത്തിക സ്ഥിതി പ്രബോധനത്തിനോ പ്രസ്ഥാനത്തിനോ ഉണ്ടായിരുന്നുമില്ല. ഹാജി സാഹിബിന് കേരള അമീർ എന്ന നിലക്ക് കേന്ദ്രജമാഅത്ത് നിശ്ചയിച്ച ശമ്പളം 100ക. ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്ക് അതിനോടടുത്തുള്ള വേതനം നൽകാനുള്ള സാഹചര്യം കേരള ജമാഅത്തിനുണ്ടായിരുന്നില്ല. ഓരോരുത്തർക്കും അവരുടെ ആവശ്യവും പ്രസ്ഥാനത്തിന്റെ സൗകര്യവുമനുസരിച്ച് വല്ലതുമൊക്കെ കൊടുക്കുകയായിരുന്നു. വിവാഹിതരും കുടുംബ ബാധ്യതകളുള്ളവരുമായ കെ.സി., സി.പി.എം. തുടങ്ങിയവർക്ക് മാസാന്തം 50ക, ചെറുപ്പക്കാരനും അവിവാഹിതനുമായ ടി.കെ.ക്ക് 10ക. അതുതന്നെ ആരും കൃത്യ

മായി വാങ്ങാറില്ല. കൊടുക്കാൻ സ്ഥാപനത്തിന് കഴിയാറുമില്ല. എടയൂരിൽ ഹാജി സാഹിബ് ജമാഅത്ത് ഓഫീസ് നിർമിക്കുന്നത്വരെ എല്ലാവരും പ്രവർത്തിച്ചിരുന്നതും താമസിച്ചിരുന്നതും പുല്ലംപറമ്പിൽ നമസ്കാര പള്ളിയിൽ തന്നെയായിരുന്നു. എല്ലാവർക്കും ഭക്ഷണം തൊട്ടടുത്തുള്ള ഹാജി സാഹിബിന്റെ വസതിയിൽ നിന്നും.

**ആദ്യത്തെ ഓഫീസ്**

ജമാഅത്തിനോ പ്രബോധനത്തിനോ സ്വന്തമായി ഒരു ഓഫീസ് നിർമിക്കുക അന്ന് സാധ്യമായിരുന്നില്ല. പ്രബോധനത്തിന്റെ ഔദ്യോഗിക മേൽവിലാസത്തിൽ ആസ്ഥാനം വളാഞ്ചേരിയായിരുന്നുവെങ്കിലും പ്രവർത്തനങ്ങളെല്ലാം നടന്നിരുന്നത് എടയൂരിലെ നമസ്കാര പള്ളിയിൽ വെച്ചായിരുന്നു. പത്രത്തിന്റെയും പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങൾ വിപുലമായതോടുകൂടി എടയൂരിൽ ഒരു ഓഫീസ് അനിവാര്യമായിത്തീർന്നു. അങ്ങനെയാണ് ഹാജിസാഹിബ് സ്വന്തം വീട്ടുവളപ്പിൽ റോഡരികിലായി ഒരു കെട്ടിടം പണിതുതുടങ്ങിയത്. കെട്ടിടത്തിന്റെ മുകൾഭാഗം ജമാഅത്ത് പ്രബോധനം ഓഫീസായി ഉപയോഗിക്കുകയും താഴ്ഭാഗം പീടിക മുറികളായി വാടകക്ക് കൊടുക്കുകയും ചെയ്യാനായിരുന്നു ഉദ്ദേശ്യം. മുകൾഭാഗം പണിതീരേണ്ട താമസം, പ്രബോധനം ഓഫീസ് നമസ്കാര പള്ളിയിൽനിന്ന് അങ്ങോട്ട് മാറ്റി. ഇത് 1950-ൽ ടി.കെ. അബ്ദുല്ല സാഹിബ് എടയൂരിലെത്തിയ ഉടനെയാണ്. ഈ കെട്ടിടം പിന്നീട് ജമാഅത്തിന്റെ ഉടമസ്ഥതയിലായി. ഹാജി സാഹിബ് തന്റെ കടബാധ്യത തീർക്കുന്നതിനായി ഇത് കേരള ജമാഅത്തിന് വിൽക്കുകയായിരുന്നു. ഓഫീസ് കോഴിക്കോട്ടേക്കു മാറ്റിയപ്പോൾ ജമാഅത്ത് അത് തദ്ദേശത്തെ ഒരു സ്വകാര്യ വ്യക്തിക്ക് കൈമാറി.

**ബാലാരിഷ്ടതകൾ**

ഈ പശ്ചാത്തലത്തിൽ പ്രബോധനത്തിന് ബാലാരിഷ്ടതകൾ ധാരാളമുണ്ടായിരിക്കുമെന്ന് വ്യക്തമാണല്ലോ. ചില ലക്കങ്ങൾ കൃത്യസമയത്ത് ഇറങ്ങിയില്ല. ചില മാസങ്ങളിൽ ഒറ്റ ലക്കം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. അച്ചടി കഴിഞ്ഞ പത്രം പ്രസ്സിലെ ബില്ലുകൊടുത്തു ഡലിവറി ചെയ്യാൻ സാധിക്കാത്തതുകൊണ്ട് ഡസ്പാച്ചിംഗ് ആഴ്ചകളോളം വൈകിക്കേണ്ടിവന്ന സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. പ്രബോധനം അച്ചടിച്ചു തീരുമ്പോൾ ഹാജിസാഹിബ് എവിടെയെങ്കിലുംപോയി പണം സംഘടിപ്പിച്ചുകൊണ്ടു വരികയായിരുന്നു പലപ്പോഴും ചെയ്തിരുന്നത്.

**സ്വന്തം പ്രസ്സ്**

സ്വന്തമായി ഒരു പ്രസ്സുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത തുടക്കത്തിലേ ബോധ്യമുണ്ടായിരുന്നുവെങ്കിലും സാമ്പത്തികവിമഷം മൂലം ആ സ്വപ്നം ഏറെക്കാലം നീണ്ടുപോയി. കുറ്റ്യാടിയിലെ ഒരു സമ്പന്നനായ ബാവാച്ചിഹാജിയും മറ്റും സഹായത്തോടെ ആദ്യം വടകരയിൽനിന്ന് ഒരു പഴയ പ്രസ്സ് വാങ്ങിയെങ്കിലും അത് ഉപയോഗപ്രദമായില്ല. പിന്നീട് ഒരു ഹാന്റ് പ്രസ്സ് സമ്പാദിച്ചു. അതും പത്രം പ്രിന്റു ചെയ്യാൻ പര്യാപ്തമായിരുന്നില്ല. ഒടുവിൽ ഒരു ജമാഅത്ത് യോഗത്തിൽ വെച്ച് മർഹൂം ഹാജി സാഹിബ് ഒരു സിലിണ്ടർ പ്രസ്സ് ലഭിക്കേണ്ടതിന്റെ അത്യാവശ്യകത പ്രവർത്തകരുടെ ശ്രദ്ധയിൽ പെടുത്തി. ജമാഅത്തുകാർക്കിടയിൽ പള്ളുരുത്തി ഹാജി എന്ന പേരിൽ അറിയപ്പെട്ടിരുന്ന കെ.ഇ. അഹ്മദ് കുട്ടി ഹാജിയും ഈ യോഗത്തിൽ പങ്കെടുത്തിരുന്നു. പ്രബോധനത്തിനാവശ്യമായ പ്രസ്സ് സ്വന്തം ചെലവിൽ വാങ്ങിച്ചു തരാൻ താൻ സന്നദ്ധനാണെന്ന് അദ്ദേഹം അറിയിച്ചു. ഹാജി സാഹിബ് ആ ഓഫർ സ്വീകരിച്ചു. അങ്ങനെ 1953-ൽ ജ: കെ.ഇ. അഹ്മദ്കുട്ടി ഹാജിയിലൂടെ പ്രബോധനത്തിന് നല്ലൊരു സിലിണ്ടർ പ്രസ്സുണ്ടായി. ക്രൗൺ 1/4 സൈസിലുള്ള ഈ പ്രിന്റിംഗ് മെഷീൻ മോട്ടോറൈസ്ഡ് ആയിരുന്നില്ല. അന്ന് എടയൂരിൽ വൈദ്യുതി എത്തിയിട്ടില്ലാത്തതിനാൽ മോട്ടോറൈസ്ഡ് പ്രസ്സ് സ്ഥാപിക്കുക സാധ്യവുമായിരുന്നില്ല. കൈ കൊണ്ട് കറക്കിയിട്ടായിരുന്നു പ്രസ്സ് പ്രവർത്തിപ്പിച്ചിരുന്നത്.

പ്രസ്സു വന്നതോടുകൂടി എടയൂരിൽ കൂടുതൽ പ്രവർത്തകരെത്തി. രോഗവിമുക്തനായ സി.പി.എം. തിരിച്ചുവന്നു. അബ്ദുറഹ്മാൻ അസ്ഗറലി സാഹിബും വന്നു. ഇരുവരും കമ്പോസിറ്റർമാരായിരുന്നു. കമ്പോസിംഗ് പഠിച്ചത് പ്രബോധനത്തിൽ നിന്ന് തന്നെ. പ്രസ്സിൽ പരിചയസമ്പന്നനായ ഏക ജോലിക്കാരനുണ്ടായിരുന്നത് കോഴിക്കോട് മൂഴിക്കൽ സ്വദേശിയായിരുന്ന അഹ്മദ്കോയയായിരുന്നു. അക്കാലത്ത് പ്രബോധനം പ്രസ്സിൽ ജോലി ചെയ്ത പൂക്കോയതങ്ങൾ, കെ. മുഹമ്മദലി, വി.പി. മുഹമ്മദലി എന്നിവരും അവിടെ നിന്നുതന്നെ കമ്പോസിംഗ് പരിശീലിച്ചവരായിരുന്നു. പ്രസ്സിൽ തുടക്കം മുതലേ അറബി ഇംഗ്ലീഷ് ടൈപ്പുകൾ സജ്ജീകരിച്ചിരുന്നു. ജ: സി.എൻ. അഹമദ് മൗലവിയുടെ ഖുർആൻ പരിഭാഷയുടെ ഒന്നാം വാള്യം അച്ചടിച്ചത് ഈ പ്രസ്സിലാണ്. എടയൂർ സ്വദേശിയായ കെ. ബാവയായിരുന്നു പ്രസ്സ് കറക്കിയിരുന്നത്. ഈ ജോലിയുമായി പെട്ടെന്ന് ഇണങ്ങിച്ചേർന്ന ഇദ്ദേഹത്തിന് ഉറങ്ങിക്കൊണ്ടും പ്രസ്സ് പ്രവർത്തിപ്പിക്കാൻ കഴിയുമായിരുന്നുവത്രെ. 30 വർഷത്തോളം പ്രബോധനം പ്രസ്സിൽ സേവനമനുഷ്ഠിച്ച ബാവയ്ക്ക ഇപ്പോൾ ഖത്തറിലാണ്. പ്രബോധനത്തിലെ ആദ്യത്തെ സ്കിൽഡ് എംപ്ലോയി ആയിരുന്ന സി. അഹ്മദ് കോയയും ഇപ്പോൾ ഗൾഫിലാണ് ജോലി ചെയ്യുന്നത്. പിൽക്കാലത്ത് പ്രബോധനം പ്രസ്സിന്റെ മാനേജരായിത്തീർന്ന ടി. അബ്ദുൽ കരീമും ബാല്യകാലത്ത് എടയൂരിൽ വന്ന് പ്രസ്സ് ജോലികൾ പഠിച്ചവരിൽ പെടുന്നു. ജമാഅത്തിന്റെ സെക്രട്ടറിയായും അക്കൗണ്ടന്റായും പത്രത്തിന്റെയും പ്രസ്സിന്റെയും മേൽനോട്ടക്കാരനായും പ്രവർത്തിച്ചിരുന്ന ജ: അബ്ദുൽ അഹദ് തങ്ങൾക്ക് ഇടക്കലത്ത് പ്രസ്സിലെ പ്രിന്ററായും ജോലി ചെയ്യേണ്ടി വന്നിട്ടുണ്ട്. പ്രസ്സ് പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ പരിചയസമ്പന്നനായ അഹമദ് കോയയും പരാജയപ്പെടുന്ന സന്ദർഭങ്ങളിൽ പ്രിന്ററായി പ്രവർത്തിച്ചിരുന്നത് ജ: തങ്ങളായിരുന്നു.

1953-ൽ ജ: ടി. മുഹമ്മദ് സാഹിബും ജ: ടി. മുഹമ്മദ് സാഹിബും എടയൂരിലെത്തി. പ്രബോധനത്തിന്റെ സഹപത്രാധിപർ, കേരള ജമാഅത്തിന്റെ ഖയ്യിം എന്നീ നിലകളിലാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ഇക്കാലത്തദ്ദേഹം തിരുകൊച്ചി പ്രദേശങ്ങളിൽ ചുറ്റി സഞ്ചരിച്ചു സംഘടനാ പ്രവർത്തനങ്ങളിലേർപ്പെടുകയുമുണ്ടായി. 1954-ൽ പി. മുഹമ്മദ് അബുൽ ജലാൽ മൗലവിയും എടയൂരിൽ വന്നു. ഐ.പി.എച്ച് പ്രസിദ്ധീകരണങ്ങൾ തയാറാക്കുകയായിരുന്നു പ്രധാനമായും ചെയ്തിരുന്നതെങ്കിലും അദ്ദേഹം പ്രബോധനത്തിന്റെ നടത്തിപ്പിലും സഹായിച്ചിരുന്നു. വാണിമേൽ മൂസ്സാ, സി.എച്ച് ഇബ്രാഹീം (കടവത്തൂർ) പി.കെ. അബ്ദുല്ല മൗലവി എന്നിവരും ഈ കാലഘട്ടത്തിൽ എടയൂരിൽവന്ന് പ്രബോധനത്തിന്റെയും ജമാഅത്തിന്റെയും പ്രവർത്തനങ്ങളിൽ പങ്കുവഹിച്ചവരിൽ പെടുന്നു.

**ഹാജി സാഹിബിനുശേഷം**

പിന്നീട് 1959-ൽ മർഹൂം വി.പി. മുഹമ്മദലി ഹാജി മരിക്കുന്നത് വരെ പ്രബോധനം സുഗമമായി മുന്നോട്ടുപോയി. പത്രം ഇതിനകം മുസ്‌ലിം കേരളത്തിൽ വ്യാപകമായി അറിയപ്പെടുകയും അഭ്യസ്ത വിദ്യരിൽ കിടയറ്റ ഒരു ഇസ്‌ലാമിക പ്രസിദ്ധീകരണം എന്ന സ്ഥാനം നേടിയെടുക്കുകയും ചെയ്തിരുന്നു.

1959-ൽ വി.പി. അബ്ദുല്ല സാഹിബ് 'മെസ്സേജ്' എന്ന ഇംഗ്ലീഷ് മാസികക്ക് തുടക്കം കുറിച്ചത് എടയൂരിൽ വെച്ചായിരുന്നു. ഇക്കാലത്ത് മെസ്സേജിന്റെ പ്രവർത്തനങ്ങളിൽ അബ്ദുല്ലാസാഹിബിനെ സഹായിക്കുന്നതിന് കൊടുങ്ങല്ലൂർ സ്വദേശിയും ഇസ്‌ലാമിക പ്രവർത്തകനുമായിരുന്ന അഡ്വ: കൊച്ചഹമ്മദ് സാഹിബും എടയൂരിൽ വരാറുണ്ടായിരുന്നു. പൊന്നാനിക്കാരനായ കെ.വി. സൈനുദ്ദീൻ ഹാജിയും ഇക്കാലത്ത് എടയൂർ ഓഫീസിൽ പ്രവർത്തിച്ചിരുന്നു.

**കോഴിക്കോട്ടേക്ക്**

1959 അവസാനത്തോടെ പ്രബോധനത്തിന്റെ പ്രസ്സും ഓഫീസും കേരള ജമാഅത്തിന്റെ ഓഫീസും കോഴിക്കോട്ടെ വെള്ളിമാടുകുന്നിൽ ജമാഅത്ത് വാങ്ങിയ സ്ഥലത്ത് നിർമിച്ച കെട്ടിടത്തിലേക്കു മാറ്റി. മർഹൂം ഹാജി സാഹിബിന്റെ സ്ഥാനത്ത് ജ: ടി. മുഹമ്മദ് സാഹിബ് പത്രാധിപരും

ടി.കെ. അബ്ദുല്ലാ സാഹിബ് സഹപത്രാധിപരുമായി. ഇടക്കാലത്ത് ജ: കെ.എം. അബ്ദുർറഹീം സാഹിബും (കുവൈത്ത്) പ്രബോധനത്തിന്റെ സഹപത്രാധിപരായി പ്രവർത്തിച്ചിരുന്നു.

പ്രിന്റർ, പബ്ലിഷർ സ്ഥാനങ്ങൾ ജ: കെ.എം. അബ്ദുൽ അഹദ് തങ്ങളിൽ നിക്ഷിപ്തമായി. പത്രത്തിന്റെയും പ്രസ്സിന്റെയും മാനേജറായും ഇദ്ദേഹം നിയമിക്കപ്പെട്ടു. 1962-ൽ ജ: തങ്ങൾ, ഇസ്‌ലാമിയാ കോളേജിന്റെ മാനേജറായി ശാന്തപുരത്തേക്കു പോയി. 1964-ൽ അദ്ദേഹം തിരിച്ചുവരുന്നത് വരെ പ്രബോധനത്തിന്റെ മാനേജറായി ജോലിനോക്കിയിരുന്നത് ജ: സി.എം. സൂപ്പി മാസ്റ്റർ (വാണിമേൽ) ആയിരുന്നു. ഓഫീസ് കോഴിക്കോട്ടേക്ക് മാറ്റിയതോടുകൂടി നേരത്തെ ഉണ്ടായതിന്റെ ഇരട്ടി വലിപ്പമുള്ള ഒരു സിലിണ്ടർ പ്രസ് കൂടി പ്രബോധനം സ്വന്തമാക്കി. കൂടാതെ മറ്റൊരു ട്രഡിൽ പ്രസ് വാങ്ങുകയും ഏറെ താമസിയാതെ എല്ലാം വൈദ്യുതവൽക്കരിക്കുകയും ചെയ്തു.

**പ്രബോധനം വാരികയും മാസികയും ആവുന്നു**

ദ്വൈവാരികയായി പ്രസിദ്ധീകരിച്ചിരുന്ന പ്രബോധനം  പ്രബോധനം വാരികയും മാസികയുമായി വികസിച്ചത് പ്രബോധനത്തിന്റെയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും വളർച്ചയിലെ സുപ്രധാനമായ ഒരു നാഴിക്കല്ലാണ്. 1964-ൽ പ്രബോധനം വാരിക തുടങ്ങിയ കഥ അതിൽ  പ്രധാനമായും പങ്കുവഹിച്ച ജ: ഒ. അബ്ദുറഹ്മാൻ സ്വന്തം വാക്കുകളിൽ വിവരിക്കുന്നു.

''കേരളത്തിലെ മുസ്‌ലിം സമൂഹത്തിൽ അള്ളിപ്പിടിച്ചു കിടന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സുധീരം പൊരുതി തൗഹീദിന്റെ തനതായ രൂപം തെളിയിച്ചു കാട്ടുന്നതിൽ വക്കം അബ്ദുൽ ഖാദിർ മൗലവിയുടെ 'ദ്വീപിക'യും ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ജിഹ്വയായ 'അൽമുർഷിദും' വഹിച്ച പങ്ക് എത്ര മഹത്തരമാണോ, അത്രതന്നെ മഹനീയമാണ് മലയാളത്തിൽ ഇസ്‌ലാമിക ചിന്താവിപ്ലവത്തിൽ 'പ്രബോധനം' നിർവഹിച്ച സേവനവും. ഇസ്‌ലാം കേവലം ആചാരബന്ധിതമായ ഒരു പാരമ്പര്യമതമല്ലെന്നും വിപ്ലവകരമായ സമ്പൂർണ ജീവിത വ്യവസ്ഥയാണെന്നും പ്രബുദ്ധ കേരളീയരെ യുക്തിഭദ്രമായും പ്രാമാണികമായും ബോധ്യപ്പെടുത്തിയത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മലയാള ജിഹ്വയായ 'പ്രബോധന'മാണ്. മലബാറിനെ സംബന്ധിച്ചിടത്തോളമെങ്കിലും, മുസ്‌ലിം പ്രസിദ്ധീകരണങ്ങളുടെ മാധ്യമം അറബി-മലയാളം എന്ന കീഴ്‌വഴക്കം ലംഘിക്കാൻ ധൈര്യപ്പെടുന്ന ആദ്യത്തെ ആനുകാലിക പ്രസിദ്ധീകരണവും 'പ്രബോധനം' തന്നെ. അൽമനാറും അൽബയാനും അൽമുർഷിദും മിഷ്കാത്തുൽ ഹുദായുമൊക്കെ പിന്നീട് ആ വഴിക്ക് വന്നു. ശക്തമായ ആശയ പ്രചാരണം ലക്ഷ്യമാക്കിയുള്ള താത്വിക ലേഖനങ്ങളായിരുന്നു 'പ്രബോധനം' പാക്ഷികത്തിന്റെ ഉള്ളടക്കം. വർത്തമാനകാല സംഭവങ്ങളെ, വിശിഷ്യാ ദേശീയവും സാർവ്വദേശീയവുമായ ചലനങ്ങളെ ഇസ്‌ലാമിക കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യുന്ന കുറിപ്പുകളും 'പ്രബോധന'ത്തിലൂടെ വെളിച്ചം കണ്ടു.  മതപരമെന്ന് വിശേഷിപ്പിക്കപ്പെട്ട തവസ്സുൽ, ഇസ്തിഗാസ, തറാവീഹ് റക്അത്തുകൾ, ജുമഅഖുത്ബ പറയുന്ന ഭാഷ, മാല, മൗലീദ്, റാത്തിബ് ആദിയായ വിഷയങ്ങളും കർമശാസ്ത്രങ്ങളും ഇസ്‌ലാംമത പ്രസിദ്ധീകരണങ്ങളുടെ മുഖ്യ ഇതിവൃത്തങ്ങളായിരുന്ന കാലഘട്ടത്തിൽ 'പ്രബോധനം' വെട്ടിത്തെളിയിച്ച ചിന്താസരണി അദ്വിതീയവും വഴിത്തിരിവുമായിരുന്നു.

എന്നാൽ കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനം വ്യാപിക്കുകയും വികസിക്കുകയും ചെയ്യുംതോറും, പ്രസ്ഥാന ജിഹ്വയായ 'പ്രബോധനം' ദ്വൈവാരികയിൽ നിന്ന് വാരികയായി വളരണമെന്ന ആഗ്രഹവും താൽപര്യവും പ്രവർത്തകർക്കുണ്ടായി. സ്വന്തമായ പ്രസ്സ് ഉണ്ടായിരുന്നതുകൊണ്ട് സാങ്കേതിക സൗകര്യങ്ങൾ വലിയ പ്രശ്നമായി അനുഭവപ്പെട്ടില്ലെങ്കിലും എഴുത്തുകാരുടെയും കോളമിസ്റ്റുകളുടെയും ക്ഷാമം കീറാമുട്ടിയായി മുമ്പിൽ വന്നു. ടി. മുഹമ്മദ് സാഹിബും ടി.കെ. അബ്ദുല്ല സാഹിബും മാത്രമായിരുന്നു 'പ്രബോധനം' പ്രതിപക്ഷ പത്രത്തിന്റെ ആകത്തുക. എഴുത്തും വിവർത്തനവും എഡിറ്റിംഗും പ്രൂഫ് റീഡിംഗുമെല്ലാം ഈ രണ്ട് പേരിൽ ഒതുങ്ങി. ടി.കെ.യെ സംബന്ധിച്ചിടത്തോളം ഇതിനു പുറമെ പ്രസംഗ പര്യടനങ്ങളും അനപേക്ഷ്യമായിരുന്നു. ടി.എമ്മിനാവട്ടെ, ഗ്രന്ഥരചനക്ക് കൂടി സമയം കണ്ടെത്തേണ്ടിവന്നു. അതിനാൽ അവരിരുവർക്കും മാത്രമായി ഒരു വാരികയും നടത്തിപ്പ് പ്രായോഗികമായിരുന്നില്ല. 1963-ലെ ജമാഅത്തെ ഇസ്‌ലാമി മേഖലാസമ്മേളനങ്ങളിൽ പ്രധാനമായി ഉയർന്നുവന്ന ഒരാവശ്യം 'പ്രബോധനം' വാരികയാക്കി മാറ്റണം എന്നതായിരുന്നു താനും.

1964 മേയിലാണ് ഈ ലേഖകന്റെ വിദ്യാഭ്യാസജീവിതം അവസാനിച്ചത്. അന്ന് കെ.സി. അബ്ദുല്ല മൗലവിയായിരുന്നു ഹൽഖാഅമീർ. അദ്ദേഹം എന്നോട് മേരിക്കുന്നിലെ 'പ്രബോധനം' ഓഫീസിൽ വന്നു നിൽക്കാൻ ആവശ്യപ്പെട്ടു. അക്ഷരാർഥത്തിൽ, “വന്നു നിൽക്കാൻ” എന്നേ പറഞ്ഞു കൂടു. അക്കാലം വരെ 'ചന്ദ്രിക' ആഴ്ചപ്പതിപ്പിലെ ബാലപംക്തിയിൽ വെളിച്ചം കണ്ട ഒരു കഥ മാത്രമായിരുന്നു ഈ പത്രപ്രവർത്തകന്റെ ഒരേയൊരു 'കൃതി'. (അതു തന്നെയും ഉറുദുവിൽ നിന്നുള്ള മോഷണവും!) കയ്യെഴുത്തു മാസികകൾ നടത്തിയ പരിചയം, 'പ്രബോധനം' പോലെ നിലവാരമുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ സബ്എഡിറ്ററാവാൻ യോഗ്യതയാവുകയില്ലല്ലോ. എങ്കിലും, കണ്ണിൽ കണ്ടതെന്തും വായിക്കുക എന്ന ചെറുപ്പത്തിലേ പിടികൂടിയ ദുശ്ശീലം (അമ്പിളി അമ്മാവൻ എന്ന കഥാമാസിക വായിച്ചതിന് മദ്രസാ വിദ്യാർഥിയായിരിക്കുമ്പോൾ ഗുരുവര്യനായിരുന്ന ഇസ്ഹാഖലി മൗലവി ശാസിച്ചിട്ടുണ്ട്) കൈമുതലാക്കി, അമീറിന്റെ ഉത്തരവ് പ്രകാരം, 1964 ജൂൺ 5-ന് 'പ്രബോധന'ത്തിൽ ചേർന്നു. ഉറുദുവിൽ നിന്നും അപൂർവമായി ഇംഗ്ലീഷിൽ നിന്നുമുള്ള മൊഴിമാറ്റങ്ങളായിരുന്നു പ്രധാന ജോലി. ടി.കെ.യുടെ സൂക്ഷ്മമായ എഡിറ്റിംഗ് രണ്ടും മൂന്നും തവണയായി എഴുതാൻ നിർബന്ധിതനായി. അക്കൊല്ലം ആഗസ്റ്റ് 15-ന് പുറത്തിറങ്ങിയ ലക്കത്തിൽ 'സ്വാതന്ത്ര്യദിന ചിന്തകൾ' എന്ന കുറിപ്പാണ് രണ്ടാമത് അച്ചടി മഷി പുരണ്ട സ്വന്തം സൃഷ്ടി. പക്ഷെ, വെറുമൊരു ദ്വൈവാരികക്ക് വേണ്ടി മൂന്നാളുടെ സമയം കളയേണ്ടതുണ്ടോ എന്ന വിചാരം ഒരു വശത്തും, വാർത്താ പ്രധാനവും വീക്ഷണപ്രധാനവുമായ ഒരു വാരിക പ്രസ്ഥാനത്തിന് കൂടിയേ തീരൂ എന്ന അത്യാഗ്രഹം മറുവശത്തുമായി പിരിമുറുക്കി. ഐഡിയ ടി.കെ.യുടെ മുമ്പിൽ വെച്ചപ്പോൾ, എല്ലാം അവധാനതയോടെ കയ്യാളണമെന്ന സ്ഥിരാഭിപ്രായക്കാരനായ അദ്ദേഹം അനുകൂലിച്ചില്ല. “നീയൊരാൾ മാത്രം മതിയോ വാരിക നടത്താൻ?” അദ്ദേഹത്തിന്റെ മാന്യമായ ചോദ്യം. ഒരുത്തനെ കൂടി കണ്ടെത്താമെന്ന് പറഞ്ഞു നോക്കിയെങ്കിലും ആ ഒരുത്തൻ ആരെന്ന് കാണിച്ചു കൊടുക്കാൻ പറ്റിയില്ല. ഒടുവിൽ വിഷയം ശൂറയുടെ മുമ്പിൽ വെയ്ക്കാമെന്ന് അദ്ദേഹം ഏറ്റു. നിർദിഷ്ട ശൂറായോഗത്തെ അതീവ ജിജ്ഞാസയോടെയാണ് കാത്തിരുന്നത്. ശൂറാ സമ്മേളിച്ചു. ഞാൻ തീരുമാനവും കാത്തു പുറത്തിരിപ്പായി. പക്ഷെ, ശൂറാ കഴിഞ്ഞു. ടി.കെ. പുറത്ത് വന്നപ്പോൾ പ്രതികരണം നിരാശാജനകമായിരുന്നു. “യോഗ്യരായ സ്റ്റാഫ് വേണ്ടത്രയില്ലാതെ വാരിക തുടങ്ങാൻ പറ്റില്ല. അതിനാൽ ആലോചന ശൂറാ മാറ്റിവെച്ചു.

ഇനിയെന്ത് വഴി? കുസൃതി വിചാരമാണ് മനസ്സിൽവന്നത്. നാട്ടിൽ (ചേന്ദമംഗല്ലൂർ) പോയി വന്നശേഷം ടി.കെ.യോട് പറഞ്ഞു: നിങ്ങളേതായാലും വാരിക തുങ്ങുന്നില്ലെന്ന് വെച്ചല്ലോ. ഞങ്ങൾ ഒന്നു തുടങ്ങാമെന്ന് വെയ്ക്കുകയാണ്.

“നിങ്ങൾ എന്നു വെച്ചാൽ ആരാണ്?”

“ഇപ്പോൾ ചേന്ദമംഗല്ലൂർ കോളേജിൽ അധ്യാപകനായ അബൂബക്കർ നദ്‌വി സാഹിബും ഞാനും ജ്യേഷ്ഠൻ അബ്ദുല്ലയും. സത്യത്തിൽ അങ്ങനെ പക്വമായ ആലോചനയൊന്നും നടന്നിരുന്നില്ല. നദ്‌വി സാഹിബുമായി സംസാരിച്ചപ്പോൾ ഞാൻ സഹായിക്കാമെന്ന് അദ്ദേഹം ഏറ്റിരുന്നു. അക്കാലത്ത് ചന്ദ്രിക ആഴ്ചപ്പതിപ്പിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിയിരുന്നു

അദ്ദേഹം. ജ്യേഷ്ഠൻ അന്ന് വടക്കാങ്ങരയിൽ മദ്രസാ അധ്യാപകനായിരുന്നു. എന്തായാലും കുസൃതി ഫലിച്ചു. എന്തും പരമാവധി കുറ്റമറ്റതാവണമെന്ന് നിർബന്ധമുള്ള ടി.കെ., വലിയ വീണ്ടുവിചാരമൊന്നുമില്ലാതെ രണ്ട് മൂന്നാളുകൾ പ്രസ്ഥാനത്തിന്റെ പേരിൽ ഒരു വാരിക തുടങ്ങിയാൽ പൊല്ലാപ്പാവുമെന്ന് കരുതിയിരിക്കണം. ആ ആളുകളെത്തന്നെ ഉപയോഗിച്ചു 'പ്രബോധനം' വാരികയാക്കണമെന്നും അദ്ദേഹം കണക്കു കൂട്ടിയിരിക്കാം. അടുത്ത ശൂറായോഗത്തിൽ ഒരിയ്ക്കൽ കൂടി വാരികാവിചാരം അജണ്ടയിൽ സ്ഥലം പിടിക്കുകയും പ്രബോധനം ഒരേസമയം മാസികയും വാരികയുമാക്കാൻ ശൂറാ തീരുമാനിക്കുകയും ചെയ്തതായിരുന്നു തുടർന്നുണ്ടായ സന്തോഷകരമായ സംഭവവികാസം. അന്ന് ഗ്രന്ഥരചനാ വിഭാഗത്തിന്റെ തലവനായി ഹൽഖാകേന്ദ്രത്തിലുണ്ടായിരുന്ന മുഹമ്മദ് അബുൽ ജലാൽ മൗലവിയുടെ സുദൃഢമായ നിലപാടും ശൂറാ തീരുമാനത്തിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. 1964 അവസാനത്തിൽ ടി.കെ.യുടെ പത്രാധിപത്യത്തിൽ വാരികയുടെ പ്രഥമ ലക്കം പുറത്തിറക്കാനും 1965 ജനുവരി 1 മുതൽ ടി. മുഹമ്മദ് സാഹിബ് പത്രാധിപരായി 'പ്രബോധനം' താത്ത്വിക മാസികയായി തുടരാനുമായിരുന്നു പരിപാടി. ഈ തീരുമാനം ഇനി പുനപരിശോധിക്കാൻ സന്ദർഭമുണ്ടാവരുതെന്ന ഉള്ളിലിരിപ്പോടെ 'പ്രബോധനം' പ്രതിപക്ഷ പത്രത്തിന്റെ കവർ ചട്ടയിൽ പരസ്യം വന്നു. "ഡിസംബർ 3 മുതൽ പ്രബോധനം വാരികയായി പുറത്തിറങ്ങുന്നു.

നദ്‌വി സാഹിബ് കൂടി പ്രബോധനത്തിൽ വന്നു. ടി.കെ., നദ്‌വി, ഞാൻ. മൂവർ സ്വയം പണി തുടങ്ങി. അങ്ങനെ കൃത്യം 1964 ഡിസംബർ 3-ന് തന്നെ എട്ട് പേജുള്ള ടാബ്ലോയ്ഡ് പ്രബോധനം വാരികയുടെ പ്രഥമ ലക്കം വെളിച്ചം കണ്ടപ്പോൾ ഉണ്ടായ ആഹ്ലാദത്തിനും ചാരിതാർഥ്യത്തിനും അതിരില്ല. മുഖപ്രസംഗങ്ങൾ ടി.കെ.യും നദ്‌വിയും എഴുതി, ഒന്നാം പേജിലെ രാഷ്ട്രീയാവലോകനം ഈയുള്ളവനും. അധികം താമസിയാതെ ഒ. അബ്ദുല്ലയും പിന്നീട് സി.ടി. അബ്ദുറഹീമും സ്റ്റാഫംഗങ്ങളായി വന്നു ചേർന്നു. അപ്പോഴേക്ക് നദ്‌വി സാഹിബ് സ്ഥലം വിട്ടിരുന്നു. എട്ട് പേജുള്ള വാരികക്ക് പന്ത്രണ്ട് പേജായി. 7500 കോപ്പികളോടെ ആരംഭിച്ച വാരികയുടെ സർക്കുലേഷൻ കുതിച്ചുയർന്ന ആദ്യ സന്ദർഭം 1965 സപ്തമ്പറിലെ ഇന്ത്യാ-പാക് യുദ്ധകാലത്തായിരുന്നു. കാശ്മീർ പ്രശ്നത്തെച്ചൊല്ലി നടന്ന ആ യുദ്ധവേളയിൽ പലരും പറയാൻ മടിച്ച സത്യങ്ങൾ 'പ്രബോധനം' തുറന്നെഴുതിയത് തന്നെ കാരണം. 1972 സപ്തമ്പറിൽ വിദേശയാത്രക്കുവേണ്ടി പ്രബോധനത്തോട് വിടപറയുമ്പോൾ ജ: വി.എ. കബീറായിരുന്നു ചീഫ് സബ് എഡിറ്റർ. വാരികയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ അതിനെ സേവിച്ച വ്യക്തിയും അദ്ദേഹം തന്നെ. മാസികയുടെ സ്റ്റാഫിൽ ഇപ്പോൾ ടൊറണ്ടോയിലുള്ള ടി.കെ. ഇബ്രാഹീം, ഖത്തറിലുള്ള ഹസൻ, മാധ്യമം എഡിറ്റർ വി.കെ. ഹംസ എന്നിവരും വാരികയുടെ എഡിറ്റോറിയൽ സ്റ്റാഫിൽ ഒ.പി. ഹംസ, കെ. അബ്ദുൽ ജബ്ബാർ, വി.പി. അഹ്‌മദ്കുട്ടി (കനഡ), കെ. ജമാൽ (സ. അറേബ്യ), എ. ഹൈദരലി (യു.എ.ഇ.), വി.കെ. അലി (ഖത്തർ) തുടങ്ങിയവരും പല ഘട്ടങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്.

1964 ന്റെ അവസാനത്തിൽ പത്രത്തിന്റെയും പ്രസ്സിന്റെയും മാനേജ്മെന്റ് വീണ്ടും ജ: കെ.എം. അബ്ദുൽ അഹദ് തങ്ങൾ തന്നെ ഏറ്റെടുത്തു. തങ്ങളുടെ കീഴിൽ എക്കൗണ്ടന്റ്മാരായി കെ.എസ് മൊയ്തു (കുറ്റ്യാടി) കുഞ്ഞബ്ദുല്ല (ആയഞ്ചേരി) എന്നിവർ പ്രവർത്തിച്ചിരുന്നു. പ്രബോധനത്തിലെ ആദ്യത്തെ ടൈപ്പിസ്റ്റ് കൊയിലാണ്ടിക്കാരനായ അബ്ദുൽ ജബ്ബാറായിരുന്നു. അദ്ദേഹത്തിനു ശേഷം മുവാറ്റുപുഴ സ്വദേശിയായ കൊച്ചുമുഹമ്മദ് ആ സ്ഥാനത്ത് വന്നു. പിന്നീട് 1974 വരെ വെള്ളിമാട് കുന്നിൽ തന്നെയുള്ള എൻ.പി. ഇബ്രാഹിം തന്നെയായിരുന്നു ടൈപിസ്റ്റ്.

1975 വരെ വാരികയും മാസികയും അനുസ്യൂതം വളർന്നുകൊണ്ടിരിക്കുകയായിരുന്നു. ഇതിന്നിടയിൽ എഡിറ്റോറിയൽ സ്റ്റാഫിൽ വീണ്ടും മാറ്റങ്ങളുണ്ടായി. നേരത്തെയുണ്ടയിരുന്നവരിൽ പി. അബ്ദുൽ കബീറും 1970 മുതൽ മാസികയുടെ എഡിറ്ററായിരുന്ന അബ്ദുല്ല ഹസനും ഒഴിച്ചുള്ളവരെല്ലാം വിദേശത്തേക്കു പോയി. ഇടക്കാലത്ത് പി. കോയ (കലീം), വി. കുഞ്ഞബ്ദുല്ല, എ. ഹൈദരലി ശാന്തപുരം എന്നിവരും സബ് എഡിറ്റർമാരായി പ്രവർത്തിച്ചു. 1974-ൽ ടി.കെ. ഉബൈദ് പ്രബോധനത്തിൽ നിയമിതനായി. അന്ന് കബീർ, കെ. ജലീൽ, എൻ.കെ. അഹ്‌മദ് എന്നിവരായിരുന്നു മറ്റ് എഡിറ്റർമാർ. ഒരു താൽക്കാലിക എഡിറ്ററായി കുറച്ചുനാൾ മർഹൂം ഇ.വി. അബ്ദുവും ഉണ്ടായിരുന്നു.

**അടിയന്തരാവസ്ഥ**

1975 ഇന്ത്യയിലുടനീളം ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതോട് കൂടി ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ പത്രങ്ങളും ചില കടുത്ത നടപടികൾ പ്രതീക്ഷിച്ചിരുന്നു. എങ്കിലും അത് നിരോധനത്തോളം എത്തുമെന്ന് കരുതിയിരുന്നില്ല. 75 ജൂലായ് 5-നാണെന്നു തോന്നുന്നു ഉച്ചക്ക് ശേഷം മൂന്നു നാലു പോലീസ് വാഹനങ്ങൾ പ്രബോധനം ഓഫീസിനു മുമ്പിൽ വന്നുനിന്നു. കുറേ പോലീസുകാർ കെട്ടിടത്തിന്റെ പല ഭാഗങ്ങളിലായി പാറാവു നിന്നു. ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ അകത്തു കടന്നു ഓഫീസ് മുറികൾ ഒന്നൊന്നായി പരിശോധിച്ചു തുടങ്ങി. അനന്തരം അന്ന് അമീറായിരുന്ന ജ: ടി.കെ. അബ്ദുല്ല സാഹിബിനെയും സെക്രട്ടറിയെയും അബ്ദുല്ലാ ഹസൻ, വി.എ. കബീർ എന്നിവരെയും അറസ്റ്റുചെയ്തു കൊണ്ടുപോയി. ഓഫീസും പ്രസ്സും പോലീസ് കസ്റ്റഡിയിലായി. ആ ആഴ്ച പ്രസിദ്ധീകരിച്ച വാരിക വിതരണം ചെയ്തു കഴിഞ്ഞിരുന്നു. എന്നാൽ പണിപൂർത്തിയായ 75 ജൂലായ് ലക്കം മാസിക വായനക്കാർക്കെത്തിച്ചു കൊടുക്കാൻ കഴിഞ്ഞില്ല. 77 ജൂലായിയിൽ മാസിക പുനരാരംഭിച്ച ശേഷമാണ് പിന്നീടത് വിതരണം ചെയ്യപ്പെട്ടത്.

1977 മാർച്ച് 2-ാം പകുതിയിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഇന്ദിരാ കോൺഗ്രസ് പരാജയപ്പെട്ടതോടുകൂടി ഇന്ത്യയിൽ അടിയന്തിരാവസ്ഥ പിൻവലിക്കുകയും ജമാഅത്തിന്റെ പേരിലുള്ള നിരോധം റദ്ദാക്കുകയും ചെയ്തു. 77 ഏപ്രിൽ മാസത്തിൽ തന്നെ പ്രബോധനം വാരിക പുനഃപ്രസിദ്ധീകരണമാരംഭിച്ചു. വി.എ. കബീർ, വി.കെ. ജലീൽ, ടി.കെ. ഉബൈദ് എന്നിവരാണ് അന്ന് എഡിറ്റോറിയൽ സ്റ്റാഫായി ഉണ്ടായിരുന്നത്. ഒന്നാം പേജും ചോദ്യോത്തരങ്ങളും ഉള്ളടക്കത്തിന്റെ മൊത്തം എഡിറ്റിംഗും ജനാബ് കബീർ നിർവഹിച്ചു. മുഖപ്രസംഗവും മറ്റു ലേഖനങ്ങളും ഉബൈദും ജലീലും മാറി മാറി കൈകാര്യം ചെയ്തുകൊണ്ടിരുന്നു. അബ്ദുല്ലഹസൻ ഖത്തറിലേക്ക് പോയതിനാൽ മാസിക പുനരാരംഭിക്കാൻ കഴിഞ്ഞില്ല. പിന്നീട് ആ വർഷം ജൂണിൽ തന്നെ വി.എസ്. സലീം, പി.എം.എ. ഖാദർ എന്നിവർ എഡിറ്റോറിയൽ സ്റ്റാഫിൽ വന്നു ചേർന്നു. തുടർന്നു മാസികയുടെ ചുമതല ഉബൈദ് ഏറ്റെടുക്കുകയും 77 ജൂലായ് മുതൽ മാസിക പ്രസിദ്ധീകരിച്ചു തുടങ്ങുകയും ചെയ്തു.

**പുതിയ ശാഖകൾ:**

1977-ൽ വാരികയും മാസികയും പുനരാരംഭിച്ചപ്പോൾ ഹാർദ്ദവമായ സ്വീകരണമാണ് വായനക്കാരിൽ നിന്നും അവർക്കു ലഭിച്ചത്. സർക്കുലേഷൻ അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ ഘട്ടത്തിൽ ചില പുതിയ പ്രസിദ്ധീകരണങ്ങളുടെ ആവശ്യകതയെക്കുറിച്ച് ഇസ്‌ലാമിക പ്രവർത്തകർ ചിന്തിച്ചുതുടങ്ങി. മുസ്‌ലിം വിരുദ്ധ പ്രസിദ്ധീകരണങ്ങൾ ഇസ്‌ലാമിനെതിരിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന അപവാദങ്ങൾക്കും വിമർശനങ്ങൾക്കും മറുപടിപറയുന്ന ഒരു പ്രസിദ്ധീകരണം. പിഞ്ചുകുട്ടികളെ ഇസ്‌ലാമിക സംസ്കാരത്തോടും പാരമ്പര്യത്തോടും ബന്ധിപ്പിക്കാനുതകുന്ന ഒരു ബാല പ്രസിദ്ധീകരണം; വനിതകളെ പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ സ്വാധീനങ്ങളിൽനിന്ന് മോചിപ്പിക്കുകയും യാഥാർഥ്യത്തിന്റെ വെളിച്ചത്തിലേക്ക് നയിക്കുകയും ചെയ്യുന്ന ഒരു വനിതാ പ്രസിദ്ധീകരണം. വിദ്യാർഥികളിലും യുവജനങ്ങളിലും ധാർമിക ബോധവും ലക്ഷ്യബോധവും വിജ്ഞാനദാഹവും വളർത്താനുപകരിക്കുന്ന ഒരു യുവജന പ്രസിദ്ധീകരണം. ദേശീയവും അന്തർദേശീയവുമായ സംഭവ

വികാസങ്ങൾ യാഥാർഥ്യമായി ജനങ്ങൾക്കെത്തിച്ചു കൊടുക്കുകയും സത്യത്തിനും ധർമത്തിനും നീതിക്കും അനുകൂലമായ ബഹുജനാഭിപ്രായം രൂപീകരിക്കാൻ സഹായിക്കുകയും ചെയ്യുന്ന ഒരു ദിനപത്രം. പ്രബോധനത്തിന്റെ പ്രചോദനത്തിൽനിന്ന് ഇങ്ങനെ പുതിയ പുതിയ സ്വപ്നങ്ങൾ ഓരോന്നോരോന്നായി മൊട്ടിട്ടു വന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒന്നിനുപിറകെ ഒന്നായി അവയെല്ലാം നേടിയെടുക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിനു സാധിച്ചിരിക്കുന്നു. 1980-ൽ കുട്ടികൾക്ക് വേണ്ടിയുള്ള മലർവാടി മാസിക എറണാകുളത്തു നിന്നാരംഭിച്ചു. മുസ്‌ലിം വിരുദ്ധരുടെ വിമർശനങ്ങളെ പ്രതിരോധിക്കാനുദ്ദേശിച്ചുകൊണ്ട് 1983-ൽ തൃശൂരിൽ നിന്ന് 'ടിറ്റ്ഫോർടാറ്റ്' പ്രസിദ്ധീകരിച്ചു തുടങ്ങി. വനിതാ പ്രസിദ്ധീകരണമായ 'ആരാമം' 1985-ൽ കോഴിക്കോട്ട് നിന്നാരംഭിച്ചു.

1986-ൽ വിദ്യാർഥിയുവജനങ്ങൾക്ക് വേണ്ടിയുള്ള 'യുവസരണി' മാസികയും കോഴിക്കോട്ടുനിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങി. വാർത്താ മാധ്യമങ്ങളിൽ ഒരു വഴിത്തിരിവ് എന്ന മുദ്രാവാക്യവുമായി 1987-ൽ മാധ്യമം പുറത്തിറങ്ങഇയതോടെ ഇസ്‌ലാമിക പ്രവർത്തകരുടെ മറ്റൊരു ചിരകാല സ്വപ്നംകൂടി പൂവണിഞ്ഞിരിക്കുന്നു. ഈ പുതിയ പ്രസിദ്ധീകരണങ്ങളുടെ രംഗപ്രവേശം പ്രബോധനത്തിന്റെ സർക്കുലേഷൻ വളർച്ചയെ തെല്ലൊന്നു മന്ദീഭവിപ്പിച്ചിട്ടുണ്ട്. എങ്കിലും വാരികയുടെ ഗതി ഇപ്പോഴും മുന്നോട്ടു തന്നെയാണ്.

**മാറി വന്ന ശിൽപികൾ**

അടിയന്തരാവസ്ഥക്കു ശേഷം വാരികയുടെ സ്റ്റാഫിൽ ചേർന്ന പി.എം.എ. ഖാദർ പിന്നീട് ഗൾഫിലേക്കു പോയി. വി.എസ്. സലീം മലർവാടിയുടെ പ്രവർത്തനവുമായി എറണാകുളത്തേക്ക് മാറി. പകരം കെ.സി. സലീം വന്നു. കൂടാതെ നേരത്തെ പ്രബോധനം വിട്ടുപോയിരുന്ന കെ. ജമാലും വന്നുചേർന്നു. ഒന്നുരണ്ടു കൊല്ലങ്ങൾക്കകം സലീം ഗവൺമെന്റ് സർവീസിലേക്കും ജമാൽ സുഊദി അറേബ്യയിലേക്കും പോയി. 1982-ൽ വി.കെ. ജലീലും പ്രബോധനം വിട്ടുപോയിരുന്നു. പകരം പി.ടി. അബ്ദുറഹ്മാൻ (മുന്നൂർ) വന്നുചേർന്നു. 1983-84 കാലത്ത് ഇപ്പോഴത്തെ കേരള അമീറായ ജ: കെ.എ. സിദ്ദീഖ് ഹസൻ സാഹിബും പ്രബോധനത്തിൽ സഹപത്രാധിപരായി പ്രവർത്തിച്ചിരുന്നു. ഇതിനിടയിൽ ടി.കെ. അബ്ദുല്ലാ സാഹിബിന്റെ പുത്രൻ ടി.കെ. മുഹമ്മദ് ഇഖ്ബാലും വന്നു. ഇടക്കാലത്ത് പി.ടി. അബ്ദുറഹ്മാൻ ആരാമത്തിലേക്കും ടി.കെ.എം. ഇഖ്ബാൽ യുവസരണിയിലേക്കും മാറുകയുണ്ടായി. സി.എം. ബഷീർ പുതുതായിവന്നു. 1987-ൽ ബഷീറും വി. അബ്ദുൽ കബീറും പ്രബോധനം വിട്ടു. തുടർന്നു പി.ടിയും ഇഖ്ബാലും തിരിച്ചു വന്നു.

**മാസികയുടെ തിരോധാനം**

1987-ൽ മാധ്യമം ആരംഭിച്ചതോടെ പ്രബോധനത്തിലെ വാർത്താപ്രധാനമായ ഉള്ളടക്കങ്ങൾ ഏറെക്കുറെ മാധ്യമം കൈകാര്യം ചെയ്തു തുടങ്ങി. ഈ അവസ്ഥയിൽ പത്രത്തിന്റെ വാർത്താവാരിക എന്ന സ്വഭാവം തുടരേണ്ടതില്ലെന്നും ഇനി മുതൽ പ്രാസ്ഥാനികവും വൈജ്ഞാനികവുമായ ഉള്ളടക്കത്തിനു കൂടുതൽ ഊന്നൽ നൽകണമെന്നും തീരുമാനിക്കപ്പെട്ടു. അതുവരെ ഈ സ്വഭാവത്തോടെ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന മാസിക നിർത്തിവെക്കുകയും അതിലെ ഉള്ളടക്കങ്ങൾ വാരികയിലേക്ക് മാറ്റുകയും ചെയ്തു.

അങ്ങനെ പ്രബോധനം വാരിക ഒരു പ്രാസ്ഥാനിക വൈജ്ഞാനിക വാരികയായി മാറി. പഴയ വാരികയിൽ വായനക്കാർ ഏറെ താൽപര്യം പ്രകടിപ്പിച്ചിരുന്ന ചോദ്യോത്തരം പോലുള്ള പംക്തികൾ പുതിയ വാരികയിലും തുടർന്നു. ഇതോടൊപ്പം ടാബ്ലോയ്ഡ് രൂപത്തിലായിരുന്ന വാരിക പുസ്തക രൂപത്തിലാക്കി മാറ്റുകയും ചെയ്തു. മാസികയുടെ ചുമതല വഹിച്ചിരുന്ന ടി.കെ. ഉബൈദ് പുതിയ വാരികയുടെ എക്സിക്യൂട്ടീവ് എഡിറ്ററായി നിയമിതനായി. സഹപ്രവർത്തകരായി പി.ടി. അബ്ദുറഹ്മാൻ, ടി.കെ.എം. ഇഖ്ബാൽ എന്നിവർക്കു പുറമെ കെ. മുഹമ്മദ് അശ്റഫും (കീഴുപറമ്പ്) വന്നുചേർന്നു. ഇപ്പോൾ ഈ നാലുപേരാണ് പ്രബോധനത്തിന്റെ എഡിറ്റോറിയൽ സ്റ്റാഫായുള്ളത്. 1983 മുതൽ പ്രൂഫ് റീഡറായി പ്രബോധനത്തിൽ ചേർന്ന ജ: പി.പി. അബ്ദുൽ ജബ്ബാർ ഇപ്പോഴും ആ സ്ഥാനത്ത് തുടരുന്നു. വാരിക പുതിയ രൂപത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോൾ ലേഔട്ട് ആർട്ടിസ്റ്റായി നിയമിതനായ ടി. അബ്ദുറഹ്മാൻ 90-ൽ ഗൾഫിലേക്കു പോയി. ഇതിനെത്തുടർന്നു നിയമിക്കപ്പെട്ട സി.പി. മുസ്തഫയാണ് ഇപ്പോൾ ലേഔട്ട് ആർട്ടിസ്റ്റായി പ്രവർത്തിക്കുന്നത്.

**മാനേജ്മെന്റ് സ്റ്റാഫ് 77 മുതൽ**

1977-ൽ പത്രം പുനരാരംഭിച്ചപ്പോൾ പ്രബോധനത്തിന്റെയും പ്രസ്സിന്റെയും മാനേജറായി പ്രവത്തിച്ചത് എം.എ. അഹമദ് കുട്ടി സാഹിബായിരുന്നു. 79-ൽ എം.എ. മാനേജർ സ്ഥാനത്തു നിന്നു വിരമിക്കുകയും ഒ. മുഹമ്മദ് സാഹിബ് ചുമതലയേൽക്കുകയും ചെയ്തു. 1985 വരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു. അബ്ദുറഹ്മാൻ അസ്ഗറലി സാഹിബ്, ഒ. ബഷീർ, സി. ഖാലിദ്, എം. കുഞ്ഞാലി, പി. അബൂബക്കർ, എം.സി. വീരാൻകുട്ടി, ഒ. സലാഹുദ്ദീൻ, സി.എം. കരീം എന്നിവർ അദ്ദേഹത്തിന്റെ കീഴിൽ എക്കൗണ്ടന്റുകളും ടൈപ്പിസ്റ്റുകളുമായി വ്യത്യസ്ത സന്ദർഭങ്ങളിൽ ജോലി നോക്കിയിട്ടുണ്ട്. ഇവരിൽ അസ്ഗറലി സാഹിബ്, ബഷീർ, ഖാലിദ്, കുഞ്ഞാലി സാഹിബ്, കരീം എന്നിവരെല്ലാം ഇതിനകം സ്ഥാപനത്തിൽനിന്ന് പിരിഞ്ഞുപോയി. 1985 മുതൽ ജ: കെ. അബൂബക്കർ സാഹിബാണ് പ്രബോധനത്തിന്റെ മാനേജർ. അബൂബക്കർ കോയ, വീരാൻകുട്ടി, സലാഹുദ്ദീൻ എന്നിവർക്കുപുറമെ പുതുതായി വന്നു ചേർന്ന എ.കെ. റിയാസുദ്ദീൻ, കെ.പി. അബ്ദുസ്സലാം എന്നിവരും അദ്ദേഹത്തിന്റെ കീഴിൽ മാനേജ്മെന്റ് സ്റ്റാഫായി പ്രവർത്തിക്കുന്നുണ്ട്.

**പ്രബോധനം പ്രസ്സ്**

പ്രബോധനം പ്രസ്സ് ആരംഭിച്ചതു മുതൽ 1970 വരെ ചെറിയൊരിടവേളയൊഴിച്ച് ജ: അബ്ദുൽ അഹദ് തങ്ങൾ ആയിരുന്നു അതിന്റെ മാനേജറായി പ്രവർത്തിച്ചിരുന്നത്. 1970-ൽ ജ: ടി. അബ്ദുൽ കരീം മാനേജറായി നിയമിക്കപ്പെട്ടു. അടിയന്തരാവസ്ഥക്കാലത്ത് പ്രസ്സ് അടച്ചുപൂട്ടിയ സന്ദർഭത്തിൽ കരീം സാഹിബ് ഗൾഫിലേക്ക് പോയിരുന്നു. 1977-ൽ പത്രം പുനരാരംഭിച്ചപ്പോൾ എം.എ. അഹമദ്കുട്ടി സാഹിബ് തന്നെയാണ് പ്രസിന്റെ മേൽനോട്ടം വഹിച്ചത്. 1978-ൽ പ്രസ് മാനേജറായി ജ: സി.പി.എം. അബ്ദുൽ ഖാദിർ സാഹിബ് വീണ്ടും പ്രബോധനത്തിൽ തുടർന്നു. 1980-ൽ അദ്ദേഹം തിരിച്ചുപോയി. പകരം പഴയ മാനേജർ ടി. അബ്ദുൽ കരീം സാഹിബ് വീണ്ടും മാനേജറായി ചാർജെടുത്തു. സി.പി.എം.ന്റെ കീഴിൽ കെ.ടി. അബ്ദുൽ റഷീദും കരീം സാഹിബിന്റെ കീഴിൽ പി. അലിക്കുട്ടി സാഹിബും അസിസ്റ്റന്റ് മാനേജറായി സേവനമനുഷ്ഠിച്ചിരുന്നു. മാസിക നിർത്തലാക്കുകയും വാരികയുടെ പ്രിന്റിംഗ് ഓഫ്സെറ്റ് പ്രസ്സിലേക്ക് മാറ്റുകയും ചെയ്തതോടെ 2 സിലിണ്ടർ പ്രസ്സുകളും ഒരു ട്രഡിൽ പ്രസ്സും മലയാളം, അറബി, ഇംഗ്ലഷ് കമ്പോസിങ്ങ് യൂനിറ്റുകളും 30 ഓളം തൊഴിലാളികളും ഉള്ള പ്രബോധനം പ്രസ്സ് ഒരു വലിയ ഭാരമായി മാറി. തുടർന്നു ജോലിക്കാർക്ക് ആനുകൂല്യങ്ങൾ നൽകി പിരിച്ചുവിടുകയായിരുന്നു. സി. ബീരാൻകോയ, എം. ഹസൻ, എം. ഉമർ, കെ.പി. അബൂബക്കർ, സി.കെ. കുട്ട്യാമു, പി.പി. അബ്ദുൽ റഷീദ്, കെ.പി. ഹസ്സൻകോയ, എം. മോഹനൻ, പി. ജോസഫ്, കെ.പി. ഉമ്മർ, കെ.ടി. ഹുസൈൻകുട്ടി, ടി. അബ്ദുൽ ഹക്കീം, പി. അബ്ദുൽ റസാഖ്, പി. രാധാകൃഷ്ണൻ, പി.പി. ഹുസൈൻ, എ. മുഹമ്മദ് തുടങ്ങിയ വ്യക്തികൾ പ്രബോധനം പ്രസ്സിൽ ദീർഘകാലം ജോലിചെയ്ത തൊഴിലാളികളിൽ ചിലരാണ്.

**ഔദ്യോഗിക പത്രാധിപരുടെ മാറ്റം**

1988-ൽ പത്രാധിപർ ജ: ടി.കെ. അബ്ദുല്ല സാഹിബ് റിട്ടയറാവുകയും പകരം ശൈഖ് മുഹമ്മദ് സാഹിബ് പത്രാധിപത്യം ഏറ്റെടുക്കുകയും ചെയ്തു. പ്രബോധനത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം അതിന്റെ പത്രാധിപരായിരുന്നിട്ടുള്ളത് ജ: ടി.കെ. അബ്ദുല്ല സാഹിബാണ്. 1950 മുതൽ സഹപത്രാധി

പരായി പ്രവർത്തിച്ചിരുന്ന അദ്ദേഹം 1964-ൽ വാരികയുടെ പത്രാധിപരായി. 88 വരെ ആ സ്ഥാനത്ത് തുടർന്നു. എന്നാൽ 65 മുതൽ തന്നെ സംഘടനാപരമായ മറ്റു പ്രവർത്തനങ്ങളിൽ വ്യാപൃതനായ അദ്ദേഹം പ്രബോധനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നു വിരമിച്ചിരുന്നു. ആദ്യകാലത്ത് ഒ. അബ്ദു റഹ്മാൻ, ഒ. അബ്ദുല്ല എന്നിവരും അവർക്കു ശേഷം വി. അബ്ദുൽ കബീറും അദ്ദേഹത്തിനു ശേഷം ടി.കെ. ഉബൈദുമാണ് പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഇപ്പോൾ ഔദ്യോഗിക പത്രാധിപരായ ശൈഖ് മുഹമ്മദ് കാരകുന്ന് പത്രത്തിന്റെ മേൽനോട്ടം വഹിക്കുന്നുണ്ട്.

ജ: ഒ. അബ്ദുറഹ്മാൻ സാഹിബ് പറഞ്ഞതുപോലെ വാരികയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം അതിൽ സേവനമനുഷ്ഠിച്ചത് വി. അബ്ദുൽ കബീർ സാഹിബാണ്. 1970 മുതൽ 1987 വരെ അദ്ദേഹം വാരികയുടെ സഹപത്രാധിപരായിരുന്നു. വാരികയിലും മാസികയിലും കൂടി ഏറ്റവും കൂടുതൽ കാലം ജോലി ചെയ്തിട്ടുള്ളത് ടി.കെ. ഉബൈദാണ്. 1974 മുതൽ 77 വരെ വാരികയിലും 77 മുതൽ 87 വരെ മാസികയിലും സഹപത്രാധിപരായിരുന്നു. 87 മുതൽ വാരികയുടെ എക്സിക്യൂട്ടീവ് എഡിറ്ററായി പ്രവർത്തിക്കുന്നു. വാരികയുടെ തുടക്കം മുതൽ എഡിറ്റോറിയൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ഒ. അബ്ദുറഹ്മാൻ 1987 മുതൽ വീണ്ടും അനൗദ്യോഗിക സഹപത്രാധിപരായി പ്രവർത്തിക്കുന്നുണ്ട്. 'ചോദ്യോത്തരം' എന്ന പംക്തി ഇപ്പോഴും അദ്ദേഹമാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ സുപ്രധാന വിഷയങ്ങളിൽ പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാട് വിശദീകരിക്കുന്ന ലേഖനങ്ങൾ തയാറാക്കാറുള്ളത് അദ്ദേഹം തന്നെ.

**മതനവോത്ഥാന രംഗത്ത് പ്രബോധനത്തിന്റെ പങ്ക്**

പ്രബോധനം അതിന്റെ ആദ്യനാളുകളിൽതന്നെ മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള ഇസ്ലാമിക പ്രസിദ്ധീകരണം എന്ന സ്ഥാനം നേടിക്കഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നും വാരിക ആ സ്ഥാനം നിലനിർത്തുന്നുണ്ട്. ഇസ്ലാമിക പ്രവർത്തനരംഗത്ത് ഒട്ടേറെ പുതിയ ചാലുകൾ വെട്ടിക്കീറാനും അംഗീകരിപ്പിക്കാനും ഇതിനകം ഈ പ്രസിദ്ധീകതരണത്തിനു കഴിഞ്ഞു.

കേരളത്തിലെ ഇസ്ലാമിക സാഹിത്യ രംഗത്ത് നഗനനൃത്തമാടിയിരുന്ന പരസ്പര ശകാരത്തിൽ നിന്നും പരിഹാസത്തിൽ നിന്നും അന്ധമായ പിതൃപ്രകീർത്തനങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളുടെ പ്രചരണത്തിൽ നിന്നും എല്ലാം അന്യമായ വൈജ്ഞാനിക മൂല്യമുള്ള ഒരു വായനാശൂലം വളർത്തിയെടുത്തു എന്നതാണ് ഒരു പ്രസിദ്ധീകരണമെന്ന നിലയിൽ പ്രബോധനത്തിന്റെ ഏറ്റവും മഹത്തായ നേട്ടം. ഈ വായനാശീലം അനുവാചകരുടെ ചിന്താമണ്ഡലം വികസിപ്പിക്കുന്നതിലും സാംസ്കാരിക നിലവാരമുയർത്തുന്നതിലും വലുതായ പങ്കുവഹിച്ചിട്ടുണ്ട്. പ്രതിപക്ഷാദരവും മാന്യതയും തുളുമ്പുന്ന ആശയാവതരണവും ശുദ്ധവും സുന്ദരവുമായ ഭാഷാ പ്രയോഗവും എന്നും പ്രബോധനത്തിന്റെ സവിശേഷതകളായിരുന്നു. ഈ സവിശേഷതകൾ തന്നെ പലരെയും പ്രബോധനത്തിലേക്കും ഇസ്ലാമികാദർശങ്ങളിലേക്കും ആകർഷിച്ചിട്ടുണ്ട്. ഇസ്ലാം മതദർശനങ്ങൾ സുന്ദരമായ മലയാളഭാഷയിൽ അവതരിപ്പിക്കാൻ കഴിയുമെന്നും അങ്ങനെ അവരിപ്പിച്ചാൽ അത് അന്വേഷകരെ കൂടുതൽ ആകർഷിക്കുമെന്നും മത സാഹിത്യ മണ്ഡലത്തെ ബോധ്യപ്പെടുത്തിയത് പ്രബോധനമാണ്. അതിനു മുമ്പ് മലയാള ലിപിയിൽ അച്ചടിക്കപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ തന്നെ അകാല ചരമമടയുകയായിരുന്നു പതിവ്.

മുസ്ലിം രാഷ്ട്രങ്ങളെയും ആഗോള മുസ്ലിം സമൂഹത്തെയും മുസ്ലിം ലോകത്തുളവായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെയും പുതുയ പുതിയ ചിന്താപ്രസ്ഥാനങ്ങളെയും കേരളീയ മുസ്ലിംകൾക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ പ്രബോധനത്തോളം പങ്കുവഹിച്ച മറ്റൊരു പ്രസിദ്ധീകരണവുമില്ല. ലോക മുസ്ലിം പണ്ഡിതന്മാർ ഇതരഭാഷകളിൽ രചിച്ച ഗഹനമായ വൈജ്ഞാനിക ലേഖനങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തു പ്രചരിപ്പിക്കുന്ന ഒരു സ്ഥിരം സമ്പ്രദായമായി സ്വീകരിച്ചതും പ്രബോധനമാണ്. ആദ്യത്തെ കാലത്ത് അത്തരം രചനകളെ മണ്ണിന്റെ മരണമില്ലാത്ത ഉള്ളടക്കമെന്ന് പറഞ്ഞ് പുഛരിച്ചവർക്കും പിന്നീട് വായനക്കാരോട് നീതിപുലർത്തണമെങ്കിൽ അതേ മാർഗമുള്ളൂ എന്നുബോധ്യമായി. പ്രബോധനം പ്രചരിപ്പിച്ച ഇസ്ലാമിന്റെ സമഗ്രത, സർവജനീനത, രാഷ്ട്രീയ സിദ്ധാന്തം തുടങ്ങിയ വിഷയങ്ങൾ പണ്ട് പല മുസ്ലിം സംഘടനകൾക്കും തീരെ അരോചകമായിരുന്നു. ഇസ്ലാം ഒരു സമ്പൂർണ ജീവിതപദ്ധതിയാണ് എന്ന മുദ്രാവാക്യം ഇന്നിപ്പോൾ അവരെല്ലാവരും ഏറ്റെടുത്തു കഴിഞ്ഞു. ദീനീ പ്രസിദ്ധീകരണത്തിൽ രാഷ്ട്രീയ അവലോകനങ്ങളും വിലയിരുത്തലുകളും പ്രത്യക്ഷപ്പെടുന്നതിനെ പരിഹസിച്ചവർ ഇപ്പോൾ സ്വന്തം ജിഹ്വകളിലും അതിനൊക്കെ സ്ഥലം കണ്ടു തുടങ്ങി. പ്രബോധനത്തിന്റെ തണലിൽ കുട്ടികൾക്കും സ്ത്രീകൾക്കും യുവജനങ്ങൾക്കും പ്രത്യേകം പ്രത്യേകം പ്രസിദ്ധീകരണങ്ങളുണ്ടായപ്പോൾ അതിനുനേരെയും കടുത്ത എതിർപ്പുകളുണ്ടായി. ആ എതിർപ്പുകാരൊക്കെ അത്തരം പ്രസിദ്ധീകരണങ്ങളിൽ മത്സരിച്ചു കൊണ്ടിരിക്കുകയാണിന്ന്. ഇതൊക്കെ, മറ്റുള്ളവർ മുഴത്തിനുമുഴം അനുകരിച്ചതാണെന്നു പറയുകയല്ല. പരിഷ്കൃതവും വികസ്വരവുമായ പ്രബോധന രീതികൾ കണ്ടെത്തുന്നതിലും കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് യഥാസമയം സമർഥമായി പ്രതികരിക്കുന്നതിലും പ്രബോധനം ആരുടെ മുമ്പിലായിരുന്നുവെന്നു ചൂണ്ടിക്കാണിക്കുക മാത്രമാണ്.

**പ്രബോധനം: ഒരു വിദ്യാഭ്യാസ മാധ്യമം**

ഒരു ആശയ വിനിയമാധ്യമം എന്ന പോലെ ഒരു വിദ്യാഭ്യാസമാധ്യമവും കൂടിയായിരിക്കണം. പ്രബോധനമെന്ന് തുടക്കം മുതലേ അതിന്റെ ശിൽപികൾക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് ഖുർആൻ, സുന്നത്ത്, വായനക്കാരുടെ ഫിഖ്ഹിയ്യായ സംശയങ്ങൾക്കുള്ള മറുപടി, ചരിത്രം എന്നിവയുടെ ക്രമാനുഗതമായൊരു പാഠാവലി കൂടിയാണ് പ്രബോധനം. മാസിക പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോൾ ഈ സ്ഥിരം പാഠങ്ങൾ മാസികയിലാണുൾക്കൊള്ളിച്ചിരുന്നത്. 87-ൽ മാസിക നിർത്തിയതോടെ വാരികയിൽ പ്രസിദ്ധം ചെയ്ത് തുടങ്ങി. 1957 ജനുവരിയിൽ പ്രതിപക്ഷ പത്രമായിരുന്ന കാലത്ത് (പുസ്തകം 11: ലക്കം 9) ആരംഭിച്ച തഫ്ഹീമുൽഖുർആൻ ഇപ്പോൾ 42 സൂറകൾ പിന്നിട്ട് സൂറ, അസ്സുഖ്റുഫിലെത്തിയിരിക്കുന്നു. പ്രബോധനത്തിലൂടെ ഭാഷാന്തരം ചെയ്യുന്ന തഫ്ഹീമുൽ ഖുർആന്റെ 3 വാള്യങ്ങൾ ഐ.പി.എച്ച്. പുസ്തകമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട നൂറ് കണക്കിൽ ഹദീസുകൾ മാസികയിലൂടെയും വാരികയിലൂടെയും തർജമ ചെയ്യപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയുമുണ്ടായി. 56 ഒക്ടോബറിൽ പുസ്തകം 11 ലക്കം 3-ൽ ആരംഭിച്ച ഉസ്താദ് സയ്യിദ് സാബിഖിന്റെ വിഖ്യാത കർമശാസ്ത്ര കൃതിയായ ഫിഖഹുസ്സുന്നയുടെ പരിഭാഷ ഇപ്പോൾ 4-ാം വാള്യത്തിലെത്തിയിരിക്കുന്നു. ജനാബ് ടി. മുഹമ്മദ് സാഹിബ് പ്രബോധനം മാസികയിലെഴുതിയ ചരിത്രപഠനങ്ങൾ വർഷങ്ങൾക്കു മുമ്പേ പുസ്തക രൂപത്തിൽ പ്രസിദ്ധീകൃതമായി. വാരിക പുതിയ രൂപത്തിലായ ശേഷം ആരംഭിച്ച സർവത് സൗലത്തിന്റെ ഇസ്ലാമിക സമൂഹത്തിന്റെ സംക്ഷിപ്ത ചരിത്രം രണ്ടു ഭാഗങ്ങളും പുസ്തകങ്ങളായി പുറത്ത് വന്നിരിക്കുന്നു. പ്രബോധനത്തിലൂടെ വെളിച്ചം കണ്ട വേറെയും നിരവധി രചനകൾ പുസ്തകരൂപത്തിൽ പലപതിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സാധാരാണവായനക്കാരെ സവിശേഷം ആകർഷിച്ച രണ്ടു പംക്തികളാണ് 1971 ഫിബ്രവരി മുതൽ വാരികയിൽ ആരംഭിച്ച ചോദ്യോത്തരവും 1970 മാർച്ചു മുതൽ മാസികയിൽ ആരംഭിച്ച പ്രശ്നവും വീക്ഷണവും. ആദ്യം, ഒ. അബ്ദുറഹ്മാനും പിന്നീട് വി. അബ്ദുൽ കബീറുമാണ് ഈ പംക്തി കൈകാര്യം ചെയ്തിരുന്നത്. കബീർ പ്രബോധനം വിട്ട ശേഷം ഇപ്പോൾ ഒ. അബ്ദുറഹ്മാൻ തന്നെയാണ് ചോദ്യോത്തരം കൈകാര്യം ചെയ്യുന്നത്. പ്രശ്നവും

വീക്ഷണവും ആദ്യം കൈകാര്യം ചെയ്തിരുന്നത് മർഹൂം ടി. ഇസ്ഹാഖലി സാഹിബാണ്. പിന്നീടത് അബ്ദുല്ലാ ഹസൻ ഏറ്റെടുത്തു. അദ്ദേഹത്തിനു ശേഷം ഈ പംക്തി കൈകാര്യം ചെയ്യുന്നത് എ. വൈ.ആർ. ആണ്.

**ആശയ സമരം**

ബഹുദൈവത്വം, നിരീശ്വരത്വം, നിർമതത്വം, ഭൗതികവാദം, കമ്യൂണിസം, മോഡേണിസം, തീവ്രവാദം തുടങ്ങിയ പ്രസ്ഥാനങ്ങളുടെ നേരെ പ്രബോധനം എന്നും ശക്തമായൊരു സമരായുധമാരുന്നു. ബഹുദൈവത്വം, നിരീശ്വരത്വം, നിർമതത്വം തുടങ്ങിയ അന്ധകാരങ്ങളിൽനിന്ന് പ്രബോധനത്തിലൂടെ വെളിച്ചെത്തിലെത്തിയ പലരുമുണ്ട്. പ്രബോധനത്തിന്റെ സ്വാധീനം മൂലം കമ്യൂണിസം, ഭൗതികവാദം തുടങ്ങിയ അന്ധവിശ്വാസങ്ങളോട് വിടപറഞ്ഞവരും കുറവല്ല. യാദൃശ്ചികമായി പ്രബോധനം വായിക്കാനിടയായ കടുത്ത ജമാഅത്ത് വിരോധികൾ കാല ക്രമത്തിൽ ജമാഅത്തു പ്രവർത്തകരായി മാറിയ കഥ നിരവധിയാണ്. പഴയലക്കങ്ങൾ ഒരു റഫറൻസ് ഗ്രന്ഥമെന്നോണം ബൈണ്ടുചെയ്ത് സൂക്ഷിക്കുന്ന ധാരാളം വായനക്കാർ പ്രബോധനത്തിനുണ്ട്. പ്രബോധനത്തിലൂടെ ഒരു പുതിയ വെളിച്ചം, ഒരു പുതിയ അവബോധം ലഭിച്ചതായി ജീവിതത്തിന്റെ ശരിയായ അർഥവും ലക്ഷ്യവും കണ്ടെത്തിയതായി കൃതജ്ഞതാപൂർവം അറിയിക്കുന്ന എത്രയോ എഴുത്തുകൾ ഇപ്പോഴും ഞങ്ങൾക്ക് ലഭിക്കാറുണ്ട്. അല്ലാഹുവിന് ഒരായിരം ശുക്റ്. ഒരു പത്രത്തിന്റെ പ്രവർത്തകർ ഏറ്റവുമധികം കൃതാർഥരാവുന്നത് ഇത്തരം എഴുത്തുകൾ വായിക്കുമ്പോഴാണ്.

1970-കളുടെ ആരംഭത്തിൽ കേരളത്തിൽരംഗപ്രവേശനം ചെയ്ത മോഡേണിസ്റ്റു പ്രസ്ഥാനത്തെ ആശയതലത്തിൽ ചെറുത്തുതോൽപിക്കുന്നതിൽ പ്രബോധനം വഹിച്ച പങ്ക് അദ്വിതീയമാണ്. 1980-കളിൽ മുസ്‌ലിം യാഥാസ്ഥിക വിഭാഗത്തിലും ഉൽപതിഷ്ണു വിഭാഗത്തിലും ഉടലെടുത്ത തീവ്രവാദ പ്രസ്ഥാനങ്ങളെയും വലിയൊരളവോളം തളർത്താൻ പ്രബോധനത്തിന് സാധിച്ചിട്ടുണ്ട്.

**സംവാദങ്ങൾ ചർച്ചകൾ**

പ്രബോധനം ആരെയും മനപ്പൂർവം ആക്ഷേപിക്കാനോ പരിഹസിക്കാനോ അന്ധമായി വിമർശിക്കാനോ മതിരാറില്ല. പക്ഷേ പ്രബോധനത്തിന് പലവിധ ആക്ഷേപങ്ങളും പരിഹാസങ്ങളും ശകാരങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. അന്തസ്സാരശൂന്യമായ വിമർശനങ്ങൾക്കുള്ള ഏറ്റവും നല്ല മറുപടി അതിന്നു നേരെ നിശ്ശബ്ദത പാലിക്കുക എന്ന നിലപാടാണ് പ്രബോധനം സ്വീകരിച്ചു പോന്നിട്ടുള്ളത്. എന്നാൽ ഇസ്‌ലാമിനെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും കുറിച്ച് സാധാരണക്കാർക്കിടയിൽ തെറ്റുദ്ധാരണകളുളവാക്കിയേക്കാനിടയാക്കിയേക്കുമെന്ന് കണ്ട വിമർശനങ്ങളെ പ്രതിപക്ഷാദരവോടെ മാന്യവും യുക്തിസഹവുമായ രീതിയിൽ പ്രബോധനം നേരിടാറുണ്ട്. ആദ്യനാളുകളിൽ എം.സി.സി. അബ്ദുറഹിമാൻ മൗലവി തുടങ്ങിയ മുജാഹിദ് പണ്ഡിതന്മാരുടെ ജമാഅത്ത് വിമർശനങ്ങളെ മർഹൂം ഹാജിസാഹിബ് പ്രബോധനത്തിലൂടെ നേരിടുകയുണ്ടായി. ആദ്യകാലത്ത് യാഥാസ്ഥിക പണ്ഡിതന്മാരിൽ നിന്നുണ്ടായ വിമർശനങ്ങൾക്ക് മർഹൂം ടി. ഇസ്ഹാഖലി മൗലവിയും മറുപടി എഴുതിയിരുന്നില്ല. പിൽക്കാലത്ത് മുജാഹിദ് പക്ഷത്തുനിന്നുണ്ടായ ജമാഅത്ത് വിമർശനങ്ങൾക്ക് കെ.സി. അബ്ദുല്ല മൗലവിയും ജ: ശൈഖ് മുഹമ്മദ് കാരകുന്നും പ്രബോധനത്തിലൂടെ സുദീർഘമായ മറുപടി നൽകുകയുണ്ടായി. യാഥാസ്ഥികരുടെ ഖബ്റാരാധനയെ ഖണ്ഡിച്ചുകൊണ്ട് ജ: ടി. കെ. ഇബ്രാഹിം എഴുതിയ ലേഖനങ്ങളും സമസ്തപണ്ഡിതന്മാർ ജമാഅത്തിന്നെതിരിൽ പ്രചരിപ്പിച്ച ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ട് ജ: എം.വി. മുഹമ്മദ് സലീം എഴുതിയ ലേഖനങ്ങളും അനുസ്മരണീയമാണ്. മുസ്‌ലിം ലീഗിന് വേണ്ടി മർഹൂം കുട്ട്യാമു സാഹിബ് ചന്ദ്രികയിലൂടെ നടത്തിയ ജമാഅത്ത് വിമർശനങ്ങൾക്ക് മറുപടിയായി എ.ആർ. എഴുതിയ ലേഖനങ്ങളും ഈ കൂട്ടത്തിൽ പെടുന്നു. 1980-കളിൽ ശ്രീ ഹമീദ് ചേന്ദമംഗല്ലൂർ ദേശാഭിമാനിയിലൂടെയും എ.ആർ. പ്രബോധനത്തിലൂടെയും നടത്തിയ സുദീർഘമായ വിവാദവും ഇവിടെ അനുസ്മരണീയമാണ്. ഈ വിവാദങ്ങളിലെല്ലാം പ്രതിപക്ഷം സ്വന്തം പ്രസിദ്ധീകരണങ്ങളിലൂടെയായിരുന്നു തങ്ങളുടെ വാദങ്ങളവതരിപ്പിച്ചിരുന്നത്.

ഇരുകക്ഷികളും പ്രബോധനത്തിലൂടെ തന്നെ തങ്ങളുടെ വാദങ്ങളവതരിപ്പിച്ച ചില സംവാദങ്ങളും നടക്കുകയുണ്ടായി. 1986-ൽ 19 എന്ന സംഖ്യയുടെ ഖുർആനിക മഹത്വത്തെ ചൊല്ലി പ്രശസ്ത പണ്ഡിതനായ മുട്ടാണിശ്ശേരിയിൽ കോയക്കുട്ടി മൗലവിയും റഹ്മാൻ മുന്നൂരും തമ്മിലും 1982-ൽ 'തിരുവരുൾ' എന്ന ഖുർആൻ പരിഭാഷാകൃതിയെച്ചൊല്ലി ജമാൽ മലപ്പുറവും ചില മലയാള സാഹിത്യകാരന്മാരും തമ്മിലും നടന്ന സംവാദങ്ങൾ ഇതിനുദാഹരണമാണ്. പ്രബോധനത്തിൽവന്ന ചില ലേഖനങ്ങൾ പൊതു സംവാദത്തിനു തിരികൊളുത്തിയ ചില സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ജ: എം.സി. അബ്ദുല്ലയുടെ ഒരു ലേഖനത്തെ തുടർന്ന് 1991-ല നടന്ന സുദീർഘമായ മൗലീദ് ചർച്ചയും അതിനു മുമ്പുണ്ടായ മാസപ്പിറവി ചർച്ചയും ഇതിനുദാഹരണങ്ങളാകുന്നു. ഇതുകൂടാതെ വിവിധ ചിന്താഗതികളെ പ്രതിനിധീകരിക്കുന്ന വ്യക്തിത്വങ്ങളെ ക്ഷണിച്ചുകൊണ്ട് പ്രബോധനം തന്നെ മുൻകൈയെടുത്തും ചില ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. 1991ലെ പൊതു തെരഞ്ഞെടുപ്പ് വേളയിൽ മുസ്‌ലിം സമൂഹം സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ച് നടത്തപ്പെട്ട സംവാദവും അതിനു ശേഷം കമ്യൂണിസത്തിന്റെ തകർച്ചയെ തുടർന്ന് സംഘടിപ്പിക്കപ്പെട്ട "ഒരു പുതിയ വ്യവസ്ഥക്കു വേണ്ടി" എന്ന ചർച്ചയും ഈ കൂട്ടത്തിൽ പെടുന്നു.

ഇത്തരം സംവാദങ്ങൾ മുസ്‌ലിം സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾ പരസ്പരം മനസ്സിലാക്കുവാനും കൂടുതൽ അടുക്കുവാനും സഹായകമാകുമെന്ന് പ്രബോധനം കരുതുന്നു. സമുദായൈക്യവും സംഘടനകളുടെ സൗഹാർദപരമായ സഹവർത്തിത്വവും അന്നും ഇന്നും പ്രബോധനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിൽ പെട്ടതാണ്. പണ്ട് ഈ ആശയത്തെ പുഛിച്ചിരുന്നവരും ഇന്നതിന്റെ വക്താക്കളായിരിക്കുന്നു എന്നത് ചാരിതാർഥ്യ ജനകമാണ്.

**വിശേഷാൽ പ്രതികൾ**

വർഷംതോറും വിശേഷാൽ പ്രതികളിറക്കുന്ന പതിവ് പ്രബോധനത്തിനില്ല. പ്രബോധനത്തിന്റെ ചരിത്രത്തിലിതുവരെ 5 വിശേഷാൽ പ്രതികളേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. 1970 നവംബറിൽ മാസിക പുറത്തിറക്കിയ ഖുർആൻ വിശേഷാൽ പ്രതിയാണ് ഒന്നാമത്തേത്. ഖുർആനിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് പ്രമുഖ പണ്ഡിതന്മാർ അവതരിപ്പിച്ച പഠനങ്ങളായിരുന്നു അതിന്റെ ഉള്ളടക്കം. പ്രതീക്ഷയിൽ കവിഞ്ഞ സ്വീകരമാണ് വായനക്കാരിൽനിന്ന് ഈ സ്പെഷലിന് ലഭിച്ചത്. ചില വായനക്കാർ ഇപ്പോഴും ഇതിന്റെ കോപ്പികളന്വേഷിക്കാറുണ്ട്. മാസിക തന്നെ 1972-ൽ പുറത്തിറക്കിയ വാർഷികപ്പതിപ്പായിരുന്നു രണ്ടാമത്തേത്. ലബ്ധപ്രതിഷ്ഠരായ സാഹിത്യകാരന്മാരുടെയും മുസ്‌ലിം ലോക പണ്ഡിതന്മാരുടെയും സാഹിത്യ വൈജ്ഞാനിക രചനകളുൾക്കൊള്ളുന്ന ഈ വാർഷികപ്പതിപ്പ് ശ്രദ്ധേയമായ ഒരു വിജ്ഞാന വിരുന്നായിരുന്നു. 1983 ഫെബ്രുവരിയിൽ മലപ്പുറത്തിനടുത്ത് ദഅ്വത്ത് നഗറിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സമ്മേളനത്തിന്റെ റിപ്പോർട്ടുകളും അതിലവതരിപ്പിക്കപ്പെട്ട പ്രഭാഷണങ്ങളും ഉൾകൊള്ളിച്ചുകൊണ്ടിറങ്ങിയ 'ദഅ്വത്ത്നഗർ സ്പെഷ'ലായിരുന്നു മറ്റൊന്ന്. ജ: ഒ. അബ്ദുല്ല സാഹിബായിരുന്നു ആ വിശേഷാൽ പ്രതിയുടെ ചുമതല വഹിച്ചിരുന്നത്. 1984 നവംബറിൽ പുറത്തിറങ്ങിയ ശരീഅത്ത് സ്പെഷലായിരുന്നു അടുത്ത വിശേഷാൽ പ്രതി. ഇസ്‌ലാമിക ശരീഅത്തിന്റെയും മുസ്‌ലിം പേഴ്സണൽ ലായുടെയും വിവിധ വശങ്ങളെക്കുറിച്ച് വ്യത്യസ്ത ചിന്താഗതിക്കാരായ പണ്ഡിതന്മാരും നേതാക്കളും എഴുതിയ ലേഖനങ്ങളുൾക്കൊള്ളുന്ന വിശേഷാൽ പതിപ്പും വായനക്കാരുടെ സവിശേഷ ശ്രദ്ധയാകർഷിക്കുകയുണ്ടായി. 1989 ജനുവരിയിൽ പുറത്തിറക്കിയ മുഹമ്മദ് നബി വിശേഷാൽ പ്രതിയാണ് പ്രബോധനം ഒടുവിൽ പ്രസിദ്ധീകരിച്ച സ്പെഷൽ പതിപ്പ്. പ്രവാ

ചകജീവിതത്തെയും ഇസ്‌ലാമിക സന്ദേശത്തെയും വിവിധ കോണുകളിലൂടെ നോക്കിക്കാണുന്ന ഉൾക്കനമുള്ള രചനകളാൽ സമ്പുഷ്ടമായ ആ പ്രസിദ്ധീകരണത്തിനും അനുവാചകരിൽനിന്ന് വമ്പിച്ച വരവേൽപ്പ് ലഭിക്കുകയുണ്ടായി.

**കെട്ടിലും മട്ടിലും വന്ന മാറ്റങ്ങൾ**

1949 ആഗസ്തിൽ പ്രബോധനം തുടങ്ങിയത് കവർ ഉൾപെടെ 24 പേജുകളോടെയാണ്. വില 4 അണ (25 പൈസ). പിന്നീട് 4 പേജുകൾ വർധിപ്പിച്ചു കവർ ഉൾപെടെ 28 പേജുകളാക്കി. 1964-ൽ പ്രതിപക്ഷ പത്രം നിറുത്തുന്നതുവരെ പത്രത്തിന്റെ കെട്ടും മട്ടും മാറ്റിയിട്ടില്ല. വിലയും 25 പൈസയിൽ സ്ഥിരമായി നിന്നു.

1964-ൽ ടാബ്ലോയ്ഡ് സൈസിലുള്ള വാരിക തുടക്കത്തിൽ 12 പേജുകളായിരുന്നു. ഓരോ പേജിലും 4 കോളം വീതം അച്ചടിച്ചിരുന്നു. വില 10 പൈസ. 1973-ൽ ന്യൂസ് പ്രിന്റ് ലാഭിക്കുന്നതിനുവേണ്ടി പേജുകളുടെ എണ്ണം 8 ആക്കി കുറച്ചു. എങ്കിലും വാരികയുടെ വശങ്ങൾ കട്ട് ചെയ്തു കളയുന്നതൊഴിവാക്കുകയും ഓരോ പേജിലും ഓരു കോളം വീതം വർദ്ധിപ്പിക്കുകയും ചെയ്തതു മൂലം ഉള്ളടക്കത്തിൽ കുറവു വരുത്തേണ്ടി വന്നില്ല. ന്യൂസ് പ്രിന്റിന്റെ വില വർദ്ധനവിനനുസരിച്ച് പത്രത്തിന്റെ വിലയും ഇടക്കിടെ വർധിപ്പിക്കേണ്ടി വന്നു. ആദ്യ വർഷങ്ങളിൽ തപാൽ ചാർജ്ജുവർദ്ധനവിനെത്തുടർന്നു വരുത്തിയ വരിസംഖ്യാ വർദ്ധനവ് സർക്കാർ തപാൽ ചാർജിൽ ഇളവ് പ്രഖ്യാപിച്ചപ്പോൾ 1969 മെയ് മാസത്തിൽ കുറയ്ക്കുകയുമുണ്ടായി. 1978-ൽ വാരിക 5 കോളങ്ങളുള്ള 12 പേജുകളായി വർദ്ധിപ്പിച്ചു. 1987-ൽ വാരികയും മാസികയും സംയോജിപ്പിച്ചു പുസ്തകരൂപത്തിലാക്കിയതു മുതൽ കവർ ഉൾപെടെ 36 പേജായാണ് പ്രസിദ്ധീകരിക്കുന്നത്. ഇതിൽ പഴയ രൂപത്തിലുള്ള വാരികക്ക് ഉപയോഗിച്ചിരുന്നതിനേക്കാൾ 50% കടലാസ് കൂടുതൽ ഉപയോഗിക്കുന്നുണ്ട്. ഇലക്ട്രോണിക് ടൈപ്പിസ്റ്റിങ്ങായതുകൊണ്ട് കടലാസ് വർദ്ധിപ്പിച്ച അനുപാതത്തിൽ കവിഞ്ഞ വർദ്ധനവാണ് ഉള്ളടക്കത്തിൽ ഉണ്ടായിട്ടുള്ളത്.

1964-ൽ മാസിക തുടങ്ങുമ്പോൾ ഡമ്മി 1/4 സൈസിൽ കവർ ഉൾപെടെ 65 പേജുള്ള പുസ്തകരൂപത്തിലായിരുന്നു. 1973-ൽ 60 ആക്കി കുറച്ചു. ഇടക്കാലത്ത് 64 ആക്കി വർദ്ധിപ്പിച്ചുവെങ്കിലും വീണ്ടും 56 ലേക്കു കുറച്ചു. തുടക്കത്തിൽ 50 പൈസയായിരുന്നു വില. അത് അനുക്രമം വർദ്ധിച്ച് 1987-ൽ പത്രം നിർത്തുമ്പോൾ 2ക. യിലെത്തിയിരുന്നു.

പ്രബോധനം ഇപ്പോൾ ഒരു ശരാശരി മനുഷ്യായുസ്സ് പിന്നിട്ടു കഴിഞ്ഞു. അതിന്റെ സ്ഥാപകരിൽ പലരും നമ്മോട് വിട പറഞ്ഞു. ശേഷിച്ചവരും പത്രപ്രവർത്തന രംഗത്തുനിന്നും വിരമിച്ചിരിക്കുന്നു. ശാഖകളും ഉപശാഖകളുമായി വളർന്നു പന്തലിച്ച പ്രബോധനത്തിന്റെ ഇന്നത്തെ അവസ്ഥ അവർക്കെല്ലാവർക്കും ചാരിതാർഥ്യവും അഭിമാനവുമുണ്ടാക്കുന്നതാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമായിരിക്കെത്തന്നെ അത് മുസ്‌ലിം സമുദായത്തിന്റെ ഒരു മുതൽകൂട്ടാണ്. പ്രബോധനം വായിക്കുന്നവരെപ്പോലെത്തന്നെ അതിൽ എഴുതുന്നവരും മുഴുവൻ ജമാഅത്തുകാരല്ല. ഉയർന്ന നിലവാരവും വൈജ്ഞാനിക മൂല്യവുമുള്ള ഒരു പ്രസിദ്ധീകരണമായി, ജാതിമത കക്ഷി ഭേദമന്യേ കേരളത്തിലെ മിക്ക എഴുത്തുകാരും പ്രബോധനത്തെ അംഗീകരിച്ചിട്ടുണ്ട്. പല പ്രശസ്ത സാഹിത്യകാരന്മാരും അതിൽ എഴുതാറുമുണ്ട്. പ്രസ്ഥാനത്തിന്റെ വീക്ഷണങ്ങൾക്കു വിരുദ്ധമായ വീക്ഷണങ്ങൾപോലും പ്രകടിപ്പിക്കാൻ പ്രബോധനം നിർഭയം അവർക്കവസരം നൽകാറുമുണ്ട്.

ഈ കാലയളവിൽ പത്രം കെട്ടിലും മട്ടിലും പലവിധ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നാൽ ആദർശത്തിലും ലക്ഷ്യത്തിലും പ്രബോധനത്തിന് ഇന്നോളം ഒരു മാറ്റവും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല. പ്രതിബന്ധങ്ങളേറെ പ്രബോധനത്തിനു തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ പ്രാപ്തിയുടെയും സമ്പത്തിന്റെയും പ്രശ്നം ഒരു വശത്ത്. ഈ കൈത്തിരി ഊതിക്കെടുത്താനുദ്യമിക്കുന്ന പ്രതിയോഗികളുടെ നിരന്തരമായ ആക്രമണം മറുവശത്ത്. പ്രബോധനം വാങ്ങുന്നതും വായിക്കുന്നതും ഹറാമാണെന്ന യാഥാസ്തികപ്പരിഷകളുടെ വിധി ഇന്നും പിൻവലിക്കപ്പെട്ടിട്ടില്ല.

പ്രബോധനത്തിന്റെ ആദർശ ലക്ഷ്യങ്ങളോടു പ്രിബദ്ധതയുള്ള യോഗ്യരായ എഡിറ്റോറിയൽ സ്റ്റാഫിനെ സംഘടിപ്പിക്കുക എന്നതും വലിയൊരു പ്രശ്നമായിരുന്നു. ശാന്തപുരം ഇസ്‌ലാമിയാ കോളേജും ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജും വാർത്തുവിടുന്ന യുവാക്കൾ മാത്രമായിരുന്നു 1964 മുതൽ ഇതിനൊരു പരിഹാരം. പത്രാധിപ സമിതിയിൽ ഇതുവരെ പ്രവർത്തിച്ചവരിൽ 90% വും ഈ രണ്ടു സ്ഥാപനങ്ങളിൽ ഉപരിപഠനം നടത്തിയവരായിരുന്നു. ഇപ്പോഴും അതു തന്നെയാണ വസ്ഥ. 1972-ൽ ജ: ഒ. അബ്ദുല്ലയും ഒ. അബ്ദുൽ റഹ്മാനും ഒരുമിച്ചു പിരിഞ്ഞപ്പോൾ പത്രത്തിന്റെ ഭാവിയെക്കുറിച്ചു തന്നെ ആശങ്കയുണരുകയുണ്ടായി. പക്ഷെ പുതിയ പ്രവർത്തകർ എത്തിച്ചേരുകയും പത്രം സുഗമമായി മുന്നോട്ടു പോവുകയും ചെയ്തു. അടിയന്തരാവസ്ഥക്കുശേഷം 1977-ൽ പത്രം പുനരാരംഭിച്ചപ്പോഴും സ്റ്റാഫിന്റെ അപര്യാപ്തി ഒരു വലിയ പ്രതിബന്ധമായി ഉയർന്നുവന്നു. മാസിക യഥാസമയം പുനരാരംഭിക്കാൻ കഴിഞ്ഞില്ല. ഒരു വർഷത്തിനകം പുതിയ ചെറുപ്പക്കാർ വന്നുചേരുകയും പ്രശ്നങ്ങൾ പരിഹൃതമാവുകയും ചെയ്തു. അതിനുശേഷം 1987 വരെ പത്രാധിപ സമിതിയിൽനിന്ന് അംഗങ്ങൾ പിരിഞ്ഞുപോകലും പുതിയ ആളുകൾ വന്നുചേരലും പതിവായിരുന്നു. എന്നാൽ 87 നു ശേഷം കാര്യമായ മാറ്റങ്ങളുണ്ടായിട്ടില്ല.

സാമ്പത്തിക ലാഭം ഒരിക്കലും പ്രബോധനത്തിന്റെ ലക്ഷ്യമായിരുന്നില്ല. പലപ്പോഴും കനത്ത നഷ്ടം ഏൽക്കേണ്ടി വരാറുണ്ട്. പ്രബോധനത്തിൽ പരസ്യങ്ങൾ കുറവാണ്. കിട്ടുന്ന എല്ലാ പരസ്യങ്ങളും പ്രസിദ്ധീകരിക്കാറുമില്ല. പ്രബോധനത്തിലെ പരസ്യങ്ങൾക്ക് വായനക്കാർ ഒരു പ്രത്യേക വിശ്വാസ്യത കൽപിക്കാറുണ്ട്. അതിനാൽ ന്യായമെന്നും സത്യമെന്നും സ്ഥാപനത്തിനു ബോധ്യപ്പെട്ട പരസ്യങ്ങൾ മാത്രമേ സ്വീകരിക്കാറുള്ളൂ. എങ്കിലും അടുത്ത കാലത്തായി കുറച്ചൊക്കെ പരസ്യങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതിനാൽ ഏതാനും വർഷങ്ങളായി, ജീവനക്കാർക്കു സാമാന്യം ഭേദപ്പെട്ട വേതനം നൽകിക്കൊണ്ടു തന്നെ നേരിയ ലാഭത്തിലാണ് പ്രബോധനം നടക്കുന്നത്. ലാഭമായി കിട്ടുന്നത് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനങ്ങൾക്കായി വിനിയോഗക്കുന്നു.

പ്രബോധനം നൂറുശതമാനവും എല്ലാം തികഞ്ഞ പത്രമാണെന്ന് ആരും ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. അവകാശപ്പെടുകയുമില്ല. കുറ്റങ്ങളും കുറവുകളും ഇനിയും പലതുമുണ്ടായിരിക്കും. പിന്നിട്ടതിലും എത്രയോ കൂടുതൽ ദൂരം ഇനിയും പിന്നിടേണ്ടുണ്ടെന്ന് ഞങ്ങൾക്കു നന്നായറിയാം. എങ്കിലും മലയാളത്തിലെ ഏറ്റവും മെച്ചപ്പെട്ട പ്രസിദ്ധീകരണം പ്രബോധനമാണെന്ന് ഞങ്ങൾക്ക് പറയാൻ കഴിയും. ഒരിക്കലും തെറ്റു പറ്റിയിട്ടില്ല എന്നും വാദമില്ല. തെറ്റു പറ്റി എന്ന് ബോധ്യമായപ്പോഴൊക്കെ അതു തിരുത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുമുണ്ട്. മനപൂർവമല്ലെങ്കിലും പ്രബോധനത്തിലെ വാക്കുകൾ ചിലയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടാവാം. അത്തരക്കാരോട് നിർവാജ്യം ക്ഷമാപണം ചെയ്യാൻ ഞങ്ങൾക്കു യാതൊരു മടിയുമില്ല. പ്രബോധനം ഒന്നാം ലക്കത്തിലെ മുഖപ്രസംഗത്തിലെ ഈ വരികൾ തന്നെയാണ് ഞങ്ങളെ ഇപ്പോഴും നയിക്കുന്നത്. 'മനുഷ്യരിൽ ഞങ്ങൾക്കു ശത്രുക്കളായി ആരും തന്നെ ഇല്ല. എല്ലാ സമുദായക്കാരെയും വർഗക്കാരെയും സഹോദരങ്ങളായിട്ടാണ് ഞങ്ങൾ വീക്ഷിക്കുന്നത്. സത്യം അതെവിടെയാണെങ്കിലും ഏതു സമുദായത്തിന്റെയോ ഏതു വർഗത്തിന്റെയോ കൈവശമാണെങ്കിലും ഞങ്ങളുടെ മിത്രമാണ്. അസത്യം, അതു ഞങ്ങളിൽ തന്നെയാണെങ്കിലും ഞങ്ങളുടെ ശത്രുവാണ്.' ഈ സരണിയിൽനിന്ന് വ്യതിചലിക്കാതെ അന്യൂനം മുന്നോട്ടു പോകാൻ സർവ്വ ശക്തനായ തമ്പുരാൻ ഇനിയും ഈ പ്രസിദ്ധീകരണത്തെ തുണയ്ക്കു മാറാകട്ടെ.

പ്രബോധനത്തിന്റെ ഏറ്റവും വലിയ മൂലധനം അതിന്റെ വായനക്കാരും അവർക്ക് പത്രം എത്തിച്ചു കൊടുക്കുന്ന

ഏജന്റുമാരുമാണ്. അല്ലാഹുവിനു ശേഷം ഈ പ്രസിദ്ധീകരണത്തെ ഇത്രയും കാലം നിലനിർത്തുകയും വളർത്തുകയും ചെയ്ത ശക്തി അവരാണ്. അരി വാങ്ങിയില്ലെങ്കിലും പ്രബോധനം വാങ്ങണ മെന്നു നിർബന്ധമുള്ള ഒട്ടേറെ വായന ക്കാർ ഈ പ്രസിദ്ധീകരണത്തിനുണ്ട്. സ്വന്തം കച്ചവട സ്ഥാപനം പൂട്ടിയിട്ടും പ്രബോധനം വിൽക്കാനിറങ്ങുന്ന ഏജൻരു മാരും ഇസ്‌ലാമിക പ്രവർത്തകരുമുണ്ട്. പ്രബോധനത്തിന് തെറ്റു പറ്റുമ്പോൾ സ്വയം തെറ്റു ചെയ്തതുപോലെ ദുഃഖിക്കു ന്നവർ, തെറ്റുകൾ തിരുത്തിക്കാണാൻ വെമ്പൽകൊള്ളുന്നവർ, പ്രബോ ധനത്തിന്റെ നേട്ടങ്ങളെ സ്വന്തം നേട്ടങ്ങളാ യിക്കണ്ട് ആഹ്ലാദിക്കുന്നവർ, അവരോ ടൊക്കെ പ്രബോധനത്തിനുള്ള കടപ്പാട് അവർണനീയമാണ്. അവരുടെയൊക്കെ സേവനങ്ങൾ ഇനിയും പ്രബോധനത്തിനാ വശ്യമുണ്ട്. അതുണ്ടെങ്കിൽ ഏറെ ദൂരം മുന്നോട്ടു പോകാൻ പ്രബോധനത്തിനു കഴിയുമെന്നതിൽ ഞങ്ങൾക്കു സംശയമി ല്ല. പ്രബോധനത്തിന് കൂടുതൽ കൂടുതൽ സേവനങ്ങളർപ്പിക്കുവാൻ അതിന്റെ എല്ലാ പ്രവർത്തകർക്കും വായനക്കാർക്കും അല്ലാഹു തൗഫീഖേകുമാറാകട്ടെ. അവ രുടെ സേവനങ്ങൾക്ക് അവൻ അർഹമായ പ്രതിഫലം നൽകുകയും ചെയ്യുമാറാകട്ടെ... ആമീൻ.